# ചരിത്രകഥകൾ

(3-ാം ക്ലാസിലേയ്ക്കു്)



P. K. Baby.
Class III

# ചരിത്രകഥകൾ

(3-ാം ക്ലാസ്സിലേക്ക്)

പുതിയ സിലബസനുസരിച്ച് 1953—54
സ്കൂൾവർഷത്തേക്ക് എഴുതിയത്.

ആർ. നാരായണപ്പണിക്കർ ബി. ഏ., എൽ. റ്റി.

GOVINDA PILLAI

പ്രസാധകൻ

പി. ഗോവിന്ദപ്പിള്ള
വിദ്യാവിലാസിനി ബുക്ക്ഡിപ്പോ
ചാല, തിരുവനന്തപുരം.

1953] [വില അണ 5

N. B. പ്രസാധകന്റെ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു.

# ഉള്ളടക്കം

1. ധ്രുവൻ
2. മാവേലി
3. പരശുരാമൻ
4. ഗൌതമബുദ്ധൻ
5. ശിബിചക്രവൎത്തി
6. സെൻറ് തോമസ്
7. ചേരമാൻപെരുമാൾ
8. ശങ്കരാചാൎയ്യർ
9. എഴുത്തച്ഛൻ
10. ബാബറും ഹുമായൂണും
11. വാസ്കോ ഡി ഗാമാ
12. ചാന്ദ്ബീവി
13. തച്ചോളി ഒതേനൻ
14. ഈശ്വരചന്ദ്രവിദ്യാസാഗർ
15. ശ്രീ നാരായണഗുരു

# ചരിത്രകഥകൾ

## 1. ധ്രുവൻ

പണ്ട്, വളരെ നീണ്ട പേരോടുകൂടിയ ഒരു രാജാവുണ്ടായിരുന്നു ഉത്താനപാദനെന്ന്. ആ രാജാവിന്നു സുനീതി എന്നും സുരുചി എന്നും രണ്ടു റാണിമാരുണ്ടായിരുന്നു. അവരുടെ പേരിനു യോജിച്ചിരുന്നു സ്വഭാവവും. സുരുചി സുന്ദരി ആയിരുന്നു; പക്ഷേ കുറുമ്പ് ഏറും. സുനീതി സാധുവാണ്; എന്നാൽ സുരുചിയോളം അഴക് അവൾക്കില്ല.

രണ്ടു റാണിമാരും തമ്മിലുള്ള വഴക്ക് നാടോടിപ്പാട്ടായി.

കേട്ടീലയോ നിങ്ങളുത്താനപാദൻെറ
വീട്ടിലെക്കോലാഹലങ്ങളിന്നൊക്കയും?
ചേട്ടത്തിയും അനുജത്തിയും തങ്ങളിൽ
ചട്ടി കലങ്ങളും കൂടെപ്പകുത്തുപോൽ.

എന്നു നാട്ടുകാർ പാടി.

രാജാവിന്നു സുരുചിയോടും, അവളുടെ മകനായ ഉത്തമനോടും ആണ് അധികം സ്നേഹം. ഒരു ദിവസം രാജാവ് സുരുചിയോടുകൂടി ഓരോന്നു പറഞ്ഞു രസിച്ചുകൊണ്ടിരുന്നു. ഉത്തമൻ ഓടിച്ചെന്ന് അച്ഛൻെറ മടിയിൽ കേറി കളിക്കാൻ തുടങ്ങി. സുനീതിയുടെ മകനായ ധ്രുവൻ അതു കണ്ടു. ആ കുട്ടിക്കും അച്ഛൻെറ മടിയിൽ കേറി ഇരുന്നാൽ കൊള്ളാമെന്നു തോന്നി. എന്നാൽ ഇളയമ്മയുടെ ഒരു നോട്ടം കണ്ടപ്പോൾ അവൻ നാണിച്ച് കാൽനഖംകൊണ്ട് ഭൂമിയിൽ വരയ്ക്കാൻ തുടങ്ങി.

സുരുചി പറഞ്ഞു—എടാ! അച്ഛന്റെ മടിയിൽ കേറാൻ നിനക്കു ഭാഗ്യമില്ല. സുരുചി പെററ കുട്ടിയ്ക്കേ ആ യോഗമുള്ളൂ. നീ നിന്റെ പാട്ടിനു പോ!

ഇതു് ധ്രുവൻ കേട്ടു. അവന്റെ കണ്ണുകളിൽ വെള്ളം നിറഞ്ഞു. പാവം അമ്മയുടെ അടുക്കലേക്കു് ഓടി. സങ്കടം ഉണ്ടാവുമ്പോൾ കുട്ടികൾ അമ്മയുടെ അടുക്കലേക്കല്ലാതെ പിന്നെ എങ്ങോട്ടു പോകും? അവൻ ഉണ്ടായ സംഗതികളൊക്കെ അമ്മയെ പറഞ്ഞു കേൾപ്പിച്ചു.

അമ്മ പറഞ്ഞു:—കുഞ്ഞേ, നീ കരയാതിരിക്കു്. ഇളയമ്മ പറഞ്ഞതു ശരിയാണു്. ഭാഗ്യം കെട്ട എന്റെ വയററിൽ പിറന്നതുകൊണ്ടു് നിനക്കു് അച്ഛനില്ലാതെയായി. എന്നാൽ മകനേ! നമുക്കെല്ലാവർക്കും അച്ഛനായി ഒരാളുണ്ടു്. നീ ആ ഭഗവാനെ സേവിയ്ക്കു. നിന്റെ ആഗ്രഹം ഒക്കെ സാധിക്കും.

അങ്ങനെ ധ്രുവൻ അമ്മയുടെ അനുഗ്രഹവും വാങ്ങിക്കൊണ്ടു് വിഷ്ണുവിനെ തപസ്സു ചെയ്തുതുടങ്ങി. ആദ്യമൊക്കെ ആഹാരം അല്പാല്പം കുറച്ചു. പിന്നെ കായ്കളും കിഴങ്ങുകളും മാത്രമേ കഴിയ്ക്കു എന്നായി. ഒടുവിൽ ഇലകളും പുല്ലുകളും തിന്നുതുടങ്ങി. കുറേക്കാലം ചെന്നപ്പോൾ അതും നിർത്തി.

ആളുകൾ ഇതു കണ്ടു് അന്യോന്യം ഓരോന്നു പറഞ്ഞു.

ഒരാൾ:—എടോ ക്രുവേ, ഇതു കണ്ടോ? മുലകുടി മാറാത്ത ഒരു പയ്യൻ തപസ്സു തുടങ്ങിയിരിക്കുന്നു! ഇതെന്തൊരു പിച്ചാണു്? ഒന്നു രണ്ടു ദിവസം പട്ടിണി കിടക്കുമ്പോൾ അമ്മയുടെ അടുക്കലേക്കു് ഓടിക്കൊള്ളും.

മറെറാരാൾ:—കുട്ടിയാണെന്നു വച്ചു് കളിയാക്കേണ്ട. ആ മുഖം കണ്ടില്ലേ? എന്തൊരു തേജസ്സു്? അത്ര വേഗം ഓടിക്കളയുന്ന കൂട്ടത്തിൽ അല്ല ഇവൻ.

ഇങ്ങനെ പലരും പല വിധത്തിൽ പറഞ്ഞു. ധ്രുവൻ അതൊന്നും കേൾക്കാൻ പോയില്ല. അവൻ ഈശ്വരനിൽതന്നെ മനസ്സുറപ്പിച്ചുകൊണ്ടിരുന്നു.

അങ്ങിനെ ഇരിക്കെ ഒരു ദിവസം നാരദൻ അവിടെ എത്തി. അദ്ദേഹം ഇതു കണ്ടു് അത്ഭുതപ്പെട്ടു പോയി.

അദ്ദേഹം ചോദിച്ചു—മകനേ! എന്തൊരു കഷ്ടമാണു് നീ ചെയ്യുന്നതു്? തപസ്സു് നിന്റെ പ്രായത്തിനു യോജിച്ചതാണോ? അമ്മയുടെ മടിയിൽ കേറിയിരുന്നു. ഓരോരോ സുഖമനുഭവിക്കാനുള്ള നീ ഇങ്ങനെ കൊടുംകാട്ടിൽ വന്നു് തപസ്സു തുടങ്ങിയതെന്തിനു്?

ധ്രുവൻ—സ്വാമി! അമ്മയുടെ അടുക്കൽ നിന്നു കിട്ടുന്ന ആനന്ദത്തിനു് അളവുണ്ടു്. ഞാൻ അളവില്ലാത്ത ആനന്ദത്തിനു വേണ്ടി ശ്രമിക്കുകയാണു്.

നാരദൻ ബാലനെ അനുഗ്രഹിച്ച ശേഷം അവിടെ നിന്നു മറഞ്ഞു.

കാലം കുറേക്കൂടി മുന്നോട്ടു പോയി. തപസ്സിന്റെ കടുപ്പം വർദ്ധിച്ചു. പ്രാണൻപോലും നിന്നുപോയതുപോലെ അനക്കമില്ലാതെ അവൻ നിന്നു. ലോകം നിന്നുപോകുമോ എന്ന ഭയം ദേവന്മാർക്കുണ്ടായി. അവർ മഹാവിഷ്ണുവിന്റെ അടുക്കൽ ചെന്നു് താഴെ വീണു് അപേക്ഷിച്ചു:—

"ഭഗവാനേ, ധ്രുവൻെറ തപസ്സു നിൎത്തിയില്ലെങ്കിൽ ലോകം അനങ്ങാതെ ആവും." വിഷ്ണുഭഗവാൻ അതു കേട്ടു് ധ്രുവനു പ്രത്യക്ഷപ്പെട്ടു. അദ്ദേഹം അരുളിച്ചെയ്തു.—

"മകനേ, ധ്രുവ, ഞാൻ എല്ലാം അറിഞ്ഞിരിക്കുന്നു. നിൻെറ ദുഃഖങ്ങളെല്ലാം നീങ്ങി, ഇരുപത്താറായിരം ആണ്ടോളം നീ രാജാവായി വാഴും."

ധ്രുവൻ—ഭഗവാനേ, അടിയനു് അവിടുത്തെ തിരുനാമം എപ്പോഴും ഉച്ചരിച്ചുകൊണ്ടിരിക്കുന്നതിൽ കവിഞ്ഞു് മറെറാരാഗ്രഹവുമില്ല.

വിഷ്ണു—എല്ലാം നിൻെറ ഇഷ്ടംപോലെ വരും,

പിന്നീടു് ധ്രുവൻ നാട്ടിലേക്കു മടങ്ങി. സുരുചിയുടെ മകനായ ഉത്തമൻ അദ്ദേഹത്തിനെ എതിരേററു കൊണ്ടുപോയി. പിന്നെ, രണ്ടുപേരും കൂടെ എളയമ്മയേ ചെന്നു കണ്ടു വന്ദിച്ചു. സുരുചി മകനെ സന്തോഷപൂൎവ്വം സ്വീകരിച്ചു. സുനീതിയുടെ അടുക്കലേക്കാണു് പിന്നീടു് ധ്രുവൻ പോയതു്. അമ്മ അദ്ദേഹത്തിനെ വാരിക്കോരി എടുത്തു മാറോടു ചേൎത്തു് പിന്നെയും പിന്നെയും തഴുകി.

അതിനുശേഷം ധ്രുവൻ അച്ഛനെ കണ്ടു വന്ദിച്ചു. അച്ഛൻ കണ്ണീരുകൊണ്ടുതന്നെ ഒരു അഭിഷേകം ആദ്യമായി നടത്തി.

അങ്ങനെ ധ്രുവൻെറ ആഗ്രഹം എല്ലാം സാധിച്ചു. പിന്നീടു് അച്ഛനെ പിരിയാതെ തന്നെ അദ്ദേഹം കുറേക്കാലം ഇരുന്നു. പ്രായമാവുകയാൽ അച്ഛൻ ധ്രുവനെ രാജാവായി വാഴിച്ചിട്ടു് കാട്ടിലേക്കു പോയി.

ധ്രുവൻ നാട്ട വാണുകൊണ്ടിരിയ്ക്കേ ഉത്തമൻ ഒരിക്കൽ വനത്തിലേക്കു പുറപ്പെട്ടു. രാക്ഷസന്മാർ അദ്ദേഹത്തിനെ കൊന്നുകളഞ്ഞു. അമ്മയായ സുരുചി മകനെത്തേടി കാട്ടിലേക്കു ചെന്നു; എന്നാൽ കാട്ടുതീയിൽ പെട്ടു മരിച്ചുപോയി.

ഈ വർത്തമാനം അറിഞ്ഞു് ധ്രുവൻ രാക്ഷസന്മാരോട്ട യുദ്ധത്തിനെത്തി. ഇരുകൂട്ടരും പിന്മാറാതെ യുദ്ധം ചെയ്തു. അനേകായിരം പേർ ചത്തുവീണു. വിഷ്ണു വീണ്ടും പ്രത്യക്ഷപ്പെട്ടു്, ധ്രുവനെ യുദ്ധത്തിൽനിന്നു പിൻമാററി.

അങ്ങനെ പിന്നെയും കുറെക്കാലം നാട്ട് വാണ ശേഷം മകനായ ഉൽക്കനെ രാജാവായി വാഴിച്ചിട്ടു് ധ്രുവൻ വനത്തിലേക്കു പോയത്രേ.

ധ്രുവൻ മരിച്ചിട്ടില്ലെന്നും ഇപ്പോഴും നക്ഷത്രരൂപത്തിൽ ആകാശത്തിൽ വിളങ്ങിക്കൊണ്ടിരിക്കുന്നു എന്നുമാണു് പുരാണം പറയുന്നതു്. അതാണത്രേ ധ്രുവനക്ഷത്രം.

---

## 2. മാവേലി

മാവേലി കേരളത്തിൻെറ ചക്രവർത്തിയായിരുന്നു എന്നാണു് മലയാളികളുടെ വിശ്വാസം. അദ്ദേഹം നാട്ട വാണിരുന്ന കാലത്തെ ഓണപ്പാട്ടായി നാം ഇന്നും പാടുന്നു.

മാവേലി നാട്ട വാണീടുംകാലം
മാനുഷരെല്ലാരുമൊന്നുപോലെ

എന്നിങ്ങനെയാണു് പാട്ടിൻെറ ആരംഭം. അന്നു മനുഷ്യരെല്ലാരും ഒന്നുപോലിരുന്നു. വലിയവനെന്നും എളി

യവനെന്നും, പണക്കാരനെന്നും തെണ്ടിയെന്നും ഉള്ള വ്യത്യാസങ്ങൾ കാണ്മാനുണ്ടായിരുന്നില്ല. കള്ളപ്പറയില്ല. ചെറുനാഴിയില്ല. ശരിയായ അളവും തൂക്കവും എല്ലാ ദിക്കിലും നടപ്പിലിരുന്നു. എല്ലാവൎക്കും എന്നും ഓണംതന്നെ.

മഹാബലിയെ വാമനൻ നാട്ടിൽനിന്നും പാതാളത്തിലേയ്ക്കു് ഓടിച്ച അവസരത്തിൽ, ആണ്ടിലൊരിക്കൽ തന്റെ പ്രജകളെ ചെന്നുകാണാനുള്ള അനുവാദം അദ്ദേഹം വാങ്ങിയിരുന്നു എന്നും, അതനുസരിച്ചു് ചിങ്ങമാസത്തിലെ ഉത്രാടത്തുന്നാൾ രാത്രി കേരളത്തിൽ വരാറുണ്ടെന്നുമാണു് മലയാളികളുടെ വിശ്വാസം.

പണ്ടു് ഇരുപത്തി എട്ടുദിവസം ആയിരുന്നു ഓണം. ഇപ്പോൾ അതു ചുരുങ്ങി നാലു ദിവസമായി. ഓണം നാലു ദിവസവും കേരളമൊട്ടുക്കു് ആളുകൾ കൊണ്ടാടുന്നു. പരിഷ്കാരം ഇല്ലാത്തദിക്കിനെ നാം "ഓണംകേറാമൂല" എന്നാണല്ലോ പരിഹസിക്കുന്നതു്. കാണം വിററും ഓണം കൊള്ളണമെന്നാണു് ഓരോ മലയാളിയുടേയും നിശ്ചയം. അത്തം മുതൽക്കേ ഒരുക്കങ്ങൾ തുടങ്ങുന്നു. പണം കൈവശം ഇല്ലാത്തവർ വിററോ പെറുക്കിയോ ഓണം കൊള്ളാനുള്ള വക ഉണ്ടാക്കും. ഓണം നാലു ദിവസവും 'ഇല്ല' എന്ന വാക്കു് ആരും ഉച്ചരിച്ചുകൂടെന്നാണു് വയ്പു്.

ആരാണീ മാവേലി? അദ്ദേഹം ശിവഭക്തനായ ഒരു അസുര രാജാവായിരുന്നു. വലിയ പരാക്രമി ആയിരുന്നതിനാൽ അദ്ദേഹം എല്ലാ ലോകങ്ങളും കീഴടക്കി. സ്വൎഗ്ഗം നഷ്ടമായപ്പോൾ ദേവന്മാർ വിഷ്ണുവിന്റെ കാൽക്കൽ ചെന്നുവീണു് സങ്കടം ഉണൎത്തി. ഭഗവാൻ ഒരു വടുവിന്റെ രൂപത്തിൽ മഹാബലിയെ ചെന്നുകണ്ടു് ഭിക്ഷ തേടി.

മഹാബലി പറഞ്ഞു—സ്വാമി! അങ്ങയ്ക്കു് എന്താണാവശ്യം? എന്തു ചോദിച്ചാലും തരാൻ ഞാൻ തയ്യാറാണു്.

വാമനൻ മൂന്നടി ഭൂമി ചോദിച്ചു. അതു കേട്ടപ്പോൾ കോപത്തോടെ മഹാബലി ചോദിച്ചു:—"ഹേ! മൂന്നു ലോകത്തിനും അധിപതിയായ എന്നെ അങ്ങു് അവമാനിക്കുന്നോ?"

ഇതു് രാജഗുരുവായ ശുക്രമഹർഷി കേട്ടുകൊണ്ടാണിരുന്നതു്. അദ്ദേഹം പറഞ്ഞു:—

"മഹാരാജാവേ, ഇതു വെറും വടുവല്ല. അങ്ങയെ പററിക്കാനായി വടുവിൻെറ രൂപത്തിൽ വന്നിരിക്കുന്ന വിഷ്ണുവാണു്."

മഹാബലി:—ഗുരോ! ആരെങ്കിലും ആയിക്കൊള്ളട്ടെ. ഈ മഹാബലി ഒരു വാക്കു പറഞ്ഞുപോയാൽ അതിൽനിന്നു് ഒരിക്കലും മാറുന്നവനല്ല.

അങ്ങനെ മഹാബലി ഒരു കെണ്ടി നിറയേ വെള്ളം കൊണ്ടുവന്നു് കൈ നീട്ടാൻ വാമനനോടു പറഞ്ഞു. അദ്ദേഹം കൈ നീട്ടി. എന്നാൽ കെണ്ടിവാലിൽക്കൂടി വെള്ളം വീണില്ല. ശുക്രൻ ചെറുരൂപം കൈക്കൊണ്ടു് അതിൻെറ വാലിനുള്ളിൽ പതുങ്ങിയിരുന്നു. ഉദകപൂർവം ദാനം ചെയ്യണമെന്നാണു് ശാസ്ത്രം. ജലം വീഴാതെയും ആയി. വാമനൻ ഒരു ദർഭപ്പുല്ലെടുത്തു് വാലിൽ ഒരു കുത്തു കൊടുത്തു. ശുക്രൻെറ കണ്ണു് പൊട്ടി. വേദനകൊണ്ടു് അദ്ദേഹം അല്പം മാറുകയാൽ വാലിലൂടെ ജലം ഒഴുകി. പിന്നീടു് ദാനം നടന്നു.

വാമനൻ വളർന്നു് മലയെക്കാളും വലിയവനായി. ഒരു അടി വച്ചപ്പോഴേക്കും ഭൂമി തീർന്നു. രണ്ടാമത്തെ അടിയിൽ സ്വർഗ്ഗവും ഒതുങ്ങി. എന്നിട്ടും മഹാബലി സത്യ



മഹാബലി

ത്തിൽനിന്നു പിന്മാറിയില്ല. മൂന്നാമത്തെ അടി തന്റെ തലയിൽ വച്ചുകൊള്ളാൻ അദ്ദേഹം അപേക്ഷിച്ചു. അങ്ങനെ മഹാബലി പാതാളത്തിലേക്കു് അമർന്നു.

മഹാബലിക്കു് ഇങ്ങനെ രാജ്യവും സിംഹാസനവും പോയെന്നുവരികിലും അവയെക്കാൾ ഉപരിയായ മോക്ഷം ലഭിച്ചുവെന്നാണു് പുരാണം. ധനം ഇരിക്കുന്നിടത്തോളം അഹങ്കാരം ഒഴികയില്ലെന്നും അതില്ലാതാവുമ്പോൾ ഈശ്വരചിന്ത ഉദിച്ചു് ഒരുവൻ മോക്ഷത്തിനു യോഗ്യനായിത്തീരുമെന്നും ആണു് ഈ കഥയുടെ സാരം.

# ൩. പരശുരാമൻ

ജമദഗ്നിഎന്നൊരു മഹർഷിയുണ്ടായിരുന്നു. അദ്ദേഹത്തിന് രേണുകയിൽ ജനിച്ച പുത്രനാണ് പരശുരാമൻ. കാർത്തവീര്യാർജ്ജുനൻ എന്ന രാജാവ് നായാട്ടിനു പുറപ്പെട്ട് ജമദഗ്നിയുടെ ആശ്രമത്തിൽ എത്തി. മഹർഷിക്ക് ഒരു കാമധേനു ഉണ്ടായിരുന്നു. ആഗ്രഹിക്കുന്നതെല്ലാം ഉടനടി കൊടുക്കുന്ന പശുവായിരുന്നതുകൊണ്ടാണ് അതിന് കാമധേനു എന്ന പേർ വന്നത്.

ആ പശുവിൻെറ സഹായത്തോടുകൂടി മഹർഷി രാജാവിന് നല്ല നല്ല ആഹാരസാധനങ്ങളെല്ലാം ഒരുക്കിക്കൊടുത്തു. രാജാവിന് ആ പശുവിൽ കൊതി തോന്നി. അതു തനിക്കായി തരണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. മഹർഷി അതു സമ്മതിച്ചില്ല. രാജാവ് ചില ആളുകളെ അയച്ചു അവർ ചെന്ന് പശുവിനേയും കുട്ടിയേയും പിടിച്ചുകൊണ്ടു പോന്നു.

രാമനാകട്ടെ ഇതറിഞ്ഞു് ഉടൻതന്നെ മഴുവും താങ്ങി എടുത്തുകൊണ്ട് യുദ്ധത്തിനു പുറപ്പെട്ടു. ഭയങ്കരമായ യുദ്ധത്തിൽ കാർത്തവീര്യാർജ്ജുനൻ കൊല്ലപ്പെട്ടു.

രാജാവിനെക്കൊന്ന വാർത്ത മഹർഷി അറിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു:—

"മകനേ, നീ ചെയ്തതു് മഹാപാപമായിപ്പോയി. അതിനാൽ നീ ആ പാപം നീങ്ങുന്നതിനായി തീർത്ഥയാത്ര ചെയ്യുക."

പരശുരാമൻ അതു കേട്ട് ഭാരതത്തിലെ എല്ലാ തീർത്ഥങ്ങളും ആടീട്ട് ആശ്രമത്തിൽ തിരിച്ചുചെന്നു.



എന്നാൽ കാൎത്തവീൎയ്യാൎജ്ജുനന്റെ മക്കൾ ഒരു ദിവസം പരശുരാമൻ ഇല്ലാത്ത അവസരം നോക്കി ആശ്രമത്തിൽ കടന്നുചെന്നു. മഹൎഷി ധ്യാനത്തിൽ മുഴുകി ഇരിക്കയായിരുന്നു. അവർ അദ്ദേഹത്തിന്റെ കഴുത്തു വെട്ടിക്കളഞ്ഞിട്ട് കടന്നുകളഞ്ഞു. ഇനി ക്ഷത്രിയകുലം നശിപ്പിച്ചിട്ടേ അടങ്ങൂ എന്ന് പരശുരാമൻ സത്യം ചെയ്തു. ഇരുപത്തിഒന്നു വട്ടം ക്ഷത്രിയന്മാരെ അദ്ദേഹം കൊന്നൊടുക്കി.

ഈ പാപം പരിഹരിക്കാനായിട്ടാണത്രേ പരശുരാമൻ മഴുവെറിഞ്ഞ് കേരളത്തെ സമുദ്രത്തിൽനിന്നു വീണ്ടെടുത്തു് ബ്രാഹ്മണൎക്കായി ദാനംചെയ്തതു്. അദ്ദേഹം പല ദിക്കുകളിൽനിന്നു് ബ്രാഹ്മണരെ ഇവിടെ കൊണ്ടുവന്നു പാൎപ്പിച്ചു. ആദ്യത്തെ കൂട്ടർ നാഗരെപ്പേടിച്ചു കടന്നുകളഞ്ഞുപോലും. ഇനിയുള്ളവരും ഓടിക്കളയാതിരിപ്പാനായി അവരുടെ പിൻകുടുമ്മ മാററി മുൻകുടുമ്മയാക്കി. അവരുടെ ആചാരങ്ങളിലും ചില വ്യത്യാസങ്ങൾ വരുത്തി. ഇതാണു കഥ.

പരശുരാമൻ ബ്രാഹ്മണരെ അറുപത്തിനാലു ഗ്രാമങ്ങളിലായി പാൎപ്പിച്ചു. അവരുടെ രക്ഷയ്ക്കു വേണ്ട ഏൎപ്പാടുകളും ചെയ്തു. ഇങ്ങനെ പരശുരാമനാൽ വീണ്ടെടുക്കപ്പെട്ട രാജ്യമായതിനാൽ, കേരളത്തെ പരശുരാമക്ഷേത്രമെന്നു വിളിച്ചുവരുന്നു.

ഇക്കഥ ആൎയ്യന്മാർ കേരളക്കരയിൽ കുടിപാൎക്കാൻ തുടങ്ങിയതിനെക്കുറിക്കുന്നു.

## 4. ഗൌതമബുദ്ധൻ

കപിലവാസ്തു എന്നൊരു ചെറിയ നഗരം ഹിമവൽപ്രദേശത്തുണ്ടായിരുന്നു. അവിടെ ശുദ്ധോദനൻ എന്നൊരു രാജാവു് നാടു വാണിരുന്നു. അദ്ദേഹത്തിനു മായാദേവിയിൽ ജനിച്ച പുത്രനായിരുന്നു സിദ്ധാൎത്ഥൻ.

ഈ കുട്ടി ജനിച്ചു് ഏഴാംദിവസം അമ്മ മരിച്ചുപോയി. ഗോമതി എന്ന ചെറിയമ്മയാണു് അവനെ ലാളിച്ചുവളൎത്തിയതു്. കുട്ടിക്കാലത്തുതന്നെ സകല വിദ്യകളും അവൻ എളുപ്പത്തിൽ പഠിച്ചു. എന്നാൽ വേട്ടയിൽ വലിയ താല്പൎയ്യം ഇല്ലായിരുന്നു. ശരംബുകൊണ്ടു നിലത്തു കിടന്നു പിടയ്ക്കുന്ന മൃഗങ്ങളേ കണ്ടിട്ടു് അവൻ വേട്ടയെ വിഷംപോലെ വെറുത്തു.

യൌവനം ആയി. എന്നിട്ടും ലൌകികമായ ഒന്നിലും താൽപൎയ്യം കാണിക്കാതെ സിദ്ധാൎത്ഥൻ എപ്പോഴും ദുഃഖിക്കുന്നു; താൻ മാത്രം ഇങ്ങനെ സുഖിക്കുന്നതെന്തിനെന്നായി അദ്ദേഹത്തിൻെറ വിചാരം. ഈ ഉത്സാഹക്കുറവു നീക്കാനായി ഒരു സുന്ദരിയായ രാജകുമാരിയെ പിതാവു് അദ്ദേഹത്തിനു കല്യാണം കഴിച്ചുകൊടുത്തു.

ഒരു ദിവസം രാവിലെ വന്ദികളുടെ പാട്ടു കേൾക്കവേ, ജീവിതത്തിൻെറ അസ്ഥിരതയെപ്പററി ഗൌതമനു് ബോധം ഉദിച്ചു. ഇങ്ങനെ എല്ലാം അനിത്യമായിരിക്കുമ്പോൾ അഴിവില്ലാത്ത ഒന്നു് എവിടെ എങ്കിലും കാണാതിരിക്കുമോ? തീൎച്ചയായും കാണുമെന്നും, അതിനെ കണ്ടുപിടിക്കണമെന്നും, ഒരു ആശ ഉള്ളിൽ പൊങ്ങി.

ഒരു ദിവസം അദ്ദേഹം ഒരു തെണ്ടിയേയും, രോഗിയേയും, ചിതയിലേക്കു കൊണ്ടുപോകുന്ന ഒരു ശവത്തേയും



ശ്രീ ബുദ്ധൻ

അടുത്തടുത്തു കാണാൻ ഇടയായി. എന്താണിങ്ങനെ ചിലർ തെണ്ടുന്നതു്? ചിലർ സുഖക്കേടു പിടിപെട്ടു വലയുന്നതും ചിലർ ചെറുപ്പത്തിലേ മരിക്കുന്നതും എന്തിനു്? എന്നായി അദ്ദേഹത്തിന്റെ ചിന്ത.

അന്നു രാത്രി സിദ്ധാർത്ഥൻ ഉറങ്ങിക്കിടക്കുന്ന തന്റെ പ്രിയപ്പെട്ട പത്നിയേയും മകനേയും തള്ളിക്കളഞ്ഞിട്ടു്, ഒരു വേലക്കാരനോടുകൂടി നഗരം വിട്ടു പല വിദ്വാന്മാരെയും ചെന്നു കണ്ടു; അവരുടെ ശിഷ്യനായിരുന്നു് പലതും പഠിച്ചു. പക്ഷേ ഇതുകൊണ്ടൊന്നും അദ്ദേഹത്തിനു് മനസ്സിനു് ഒരു സുഖവുമുണ്ടായില്ല.

പിന്നീട് തപസ്സു ചെയ്തുനോക്കി. ശരീരം വാടിത്തളന്നു മാത്രം ആയിരുന്നു ഫലം. ആഹാരം കഴിക്കാതെ അദ്ദേഹം ബോധംകെട്ടു നിലത്തു വീണു.

ഒടുവിൽ ഗയയിലുള്ള ഒരു ബോധിവൃക്ഷത്തിൻെറ ചുവട്ടിൽ ഇരുന്നു് ധ്യാനം തുടങ്ങി. ഏറെക്കാലം കഴിയും മുൻപു് അദ്ദേഹം ഉണന്നു ബുദ്ധനായി.

ഗോതമിയാൽ വളത്തപ്പെട്ടതുകൊണ്ടു് ഗൌതമൻ എന്ന പേരും, ശാക്യവംശത്തിൽ ജനിച്ചു് മുനിവൃത്തി കൈക്കൊണ്ടതിനാൽ ശാക്യമുനി എന്ന പേരും അദ്ദേഹത്തിനു് ഉണ്ടായിരുന്നു. ഇപ്പോറം മുതല്ക്കു് ബുദ്ധൻ എന്നു് അറിയപ്പെടുന്നു.

പിന്നീടു് അദ്ദേഹം ബുദ്ധധമ്മം ഉപദേശിച്ചു കൊണ്ടു് ദേശംതോറും സഞ്ചരിച്ചു. പല രാജാക്കന്മാരും ബുദ്ധമതം കൈക്കൊണ്ടു. ഒടുവിൽ കപിലവാസ്തുവിൽ ചെന്നു് ഭായ്യയേയും മകനേയും പുതിയ മതത്തിൽ ചേത്തു.

ഇന്നു് ബുദ്ധമതം ലോകത്തിലെ പ്രധാന മതങ്ങളിൽ ഒന്നായിത്തീന്നിരിക്കുന്നു.

മനസ്സുകൊണ്ടും വാക്കുകൊണ്ടും ശരീരംകൊണ്ടും തെററു ചെയ്യാതിരിക്കുക, ഗുരുജനങ്ങളെ പൂജിക്കുക, സകല ജീവികളിലും കാരുണ്യം കാണിക്കുക എന്നിങ്ങനെ എല്ലാവക്കും ആചരിക്കാവുന്ന തത്വങ്ങറം മാത്രമേ ബുദ്ധമതത്തിലുള്ളു. ജാതിഭേദം ബുദ്ധമതത്തിലില്ല. എല്ലാവക്കും—പുരുഷനാകട്ടെ സ്ത്രീയാകട്ടെ—ദരിദ്രനാകട്ടെ പണക്കാരനാകട്ടെ—സകല ജനങ്ങറക്കും മോക്ഷത്തിനു് അവകാശമുണ്ടെന്നാണു് ബുദ്ധമതം പറയുന്നതു്.

ഗൗതമബുദ്ധനെപ്പററി പല കഥകളുമുണ്ടു്. അദ്ദേഹം ബാലനായിരിക്കുമ്പോൾ ഉണ്ടായ ഒരു സംഭവം പറയാം.

സിദ്ധാൎത്ഥൻ പൂന്തോട്ടത്തിൽ നിൽക്കയായിരുന്നു. ഒരു രാജകുമാരൻ ഒരു അന്നത്തെ അമ്പെയ്തു വീഴ്ത്തി. ആ പക്ഷി പ്രാണവേദനയോടെ കിടന്നു പിടയുന്നതു് അദ്ദേഹം കണ്ടു. ഓടിച്ചെന്നെടുത്തു് ചില പച്ചിലമരുന്നുകൾ പുരട്ടി അതിൻെറ വേദന തെല്ലു കുറച്ചു. അപ്പോഴേക്കും അതിനെ അമ്പെയ്തു വീഴ്ത്തിയ രാജകുമാരൻ അവിടെ എത്തി. അയാൾ പറഞ്ഞു:—

"ഇതു് ഞാൻ എയ്തു വീഴ്ത്തിയ പക്ഷിയാണു്. എനിക്കാണവകാശം. ഇങ്ങു തരൂ."

സിദ്ധാ:— ഇല്ല, തരില്ല. ഞാൻ അതിനെ വിട്ടുതരില്ല. അതിനെ കൊല്ലാൻ നോക്കിയ നിനക്കല്ല, ജീവിപ്പിക്കാൻ നോക്കിയ എനിക്കാണു് അതിൻെറ അവകാശം.

തൎക്കം മൂത്തു. അടിവരെ എത്തുമെന്നായി. ഒടുവിൽ നല്ല ബുദ്ധി തോന്നുകയാൽ അവർ അതിനെ ന്യായാധിപതിയുടെ തീർച്ചയ്ക്കുവിട്ടുകൊടുക്കാൻ തീർച്ചപ്പെടുത്തി.

ന്യായാധിപതിയുടെ അടുക്കൽ ചെന്നു് അവർ തൎക്കത്തിനുണ്ടായ ഹേതു ധരിപ്പിച്ചു. ഒടുവിൽ അദ്ദേഹം പറഞ്ഞു:—

"സിദ്ധാൎത്ഥൻെറ ഭാഗത്താണു് ന്യായം. പക്ഷിക്കും നമ്മെപ്പോലെ ജീവിക്കാൻ അവകാശമുണ്ടു്. അതിനെ നശിപ്പിക്കാൻ നോക്കിയ ആളിനല്ല, അതിൻെറ ജീവൻ രക്ഷിക്കാൻ ശ്രമിച്ച സിദ്ധാർത്ഥനതന്നെയാണു് പക്ഷിയിന്മേൽ കൂടുതൽ അവകാശം."

സിദ്ധാർത്ഥൻ ആ പക്ഷിയുടെ വ്രണത്തെ ഉണക്കിയ ശേഷം അതിനെ ആകാശത്തിലേക്കു പറത്തി.

മററൊരിക്കൽ, അതായത്ത് അദ്ദേഹം ബുദ്ധനായ ശേഷം, ഒരു ദിവസം ഒരു സ്ത്രീ, മരിച്ചുപോയ തൻെറ മകൻെറ ശവവും എടുത്തുകൊണ്ട് അദ്ദേഹത്തിൻെറ അടുക്കൽ ചെന്നു. അവൾ കരഞ്ഞുംകൊണ്ടു പറഞ്ഞു:—

"ഭഗവാനെ, അവിടുന്നു സിദ്ധനാണ്. എൻെറ ഏകപുത്രനെ ജീവിപ്പിച്ചുതരാൻ ദയവുണ്ടാകണേ."

ബുദ്ധൻ:—അതു് ഈ ലോകത്തിൽ ആക്കും കഴിവുള്ള കാര്യമല്ല. ജനിക്കുന്നവർ മരിക്കും; മരിക്കുന്നവർ ജനിക്കയും ചെയ്യും. ഇതിൽ സങ്കടപ്പെടാനൊന്നുമില്ല.

എന്തൊക്കെ പറഞ്ഞിട്ടും അമ്മയ്ക്കു സമാധാനം ഉണ്ടായില്ല. ഒടുവിൽ ബുദ്ധദേവൻ പറഞ്ഞു:—

"എന്നാൽ ഈ ബാലൻെറ ശരീരം ഇവിടെ കിടക്കട്ടെ. നിങ്ങൾ പോയി ഒരുപിടി കടുകു കൊണ്ടുവരിക; കുട്ടിയെ ജീവിപ്പിക്കാം. പക്ഷേ മരണം ഉണ്ടായിട്ടില്ലാത്ത വീട്ടിലെ കടുകായാലേ പററൂ."

മാതാവിന്ന് ആശ്വാസമായി. അവർ വീടുതോറും നടന്നു. രണ്ടും മൂന്നും അതിലധികവും മരണങ്ങൾ ഉണ്ടായിട്ടുള്ള വീടുകളേ ഉള്ളു. അതിനോടുകൂടി അവർക്കു് ഉണർവുണ്ടായി, താൻ വെറും സാധാരണമായ ഒരു കാര്യത്തിനെപ്പററിയാണല്ലോ ദുഃഖിക്കുന്നതെന്ന്.

അവർ ഓടിച്ചെന്നു് ബുദ്ധദേവൻെറ കാൽക്കൽ വീണിട്ടു പറഞ്ഞു:—

"ഭഗവാനേ, അവിടുത്തെ കൃപയാൽ എൻെറ കണ്ണു തുറന്നു. ഞാൻ ഇനി കരകയില്ല" എന്നു പറഞ്ഞിട്ടു് അവർ തൻെറ പുത്രനെ സംസ്കരിച്ചിട്ടു് ഒരു ബൗദ്ധ സന്ന്യാസിനിയായിത്തീർന്നു.

# 5· ശിബിചക്രവത്തി

പണ്ടു് ശിബി എന്നൊരു ചക്രവത്തി വാണിരുന്നു. അദ്ദേഹം വളരെ ദയവും ഈശ്വരഭക്തിയും ഉള്ള ആളായിരുന്നു. മനുഷ്യരോടു മാത്രമല്ലായിരുന്നു ദയ; സകല ജീവജാലങ്ങളേയും അദ്ദേഹം സ്നേഹിച്ചു.

ശിബി ഒരു അശ്വമേധം നടത്തി, ചക്രവത്തി എന്ന സ്ഥാനം നേടി. അദ്ദേഹത്തിനെ ഒന്നു പരീക്ഷിച്ചുനോക്കണമെന്നു് ഇന്ദ്രനും അഗ്നിയും നിശ്ചയിച്ചു. ഇന്ദ്രൻ ഒരു പരുന്തായി; അഗ്നി ഒരു പ്രാവും. പരുന്തു് പ്രാവിനെ ഓടിച്ചു പിടിക്കാൻതുടങ്ങി. പ്രാവു് ഓടി ഓടി ശിബിയുടെ കാൽക്കൽ ചെന്നുവീണു. അദ്ദേഹം അതിനെ എടുത്തു തലോടി.

പരുന്തു പറഞ്ഞു:—ഇതു് ഞാൻ ഓടിച്ചു കൊണ്ടുവന്ന പ്രാവാണു്. വിട്ടുതരുന്നതാണു് രാജാവിൻെറ ധമ്മം.

ശിബി:—അല്ലാ, അഭയം തേടുന്നവരെ ഒരു രാജാവും വിട്ടുകൊടുക്കയില്ല. ഞാൻ തീച്ചയായും അതിനെ വിടില്ല.

പരുന്തു്:—അങ്ങു് ഈ വിധം പറയുന്നതു ഭംഗിയല്ല. എൻെറ ആഹാരം മാംസമാണു്. ഞാൻ മനുഷ്യനെപ്പോലെ കായും കിഴങ്ങുമൊന്നും തിന്നുകയില്ല. ആഹാരം മുടക്കുന്നതു പാപമാകുന്നു.

ശിബി:—അങ്ങനെ ആണെങ്കിൽ, എൻെറ ദേഹത്തിൽ നിന്നു് അതിൻെറ തൂക്കത്തോളം ചതച്ച വെട്ടിത്തരാം. അതു പോരേ?

പരുന്തു്:—ഓഹോ! അതു മതി. എന്നാൽ വേഗമാകട്ടെ. എനിക്കു വിശക്കുന്നു.

ചക്രവത്തി ഒരു ത്രാസ്സും കത്തിയും കൊണ്ടുവന്നു. ത്രാസ്സിൻെറ ഒരു തട്ടിൽ പ്രാവിനെ വച്ചു. മറേറത്തട്ടിൽ തൻെറ ദേഹത്തിൽനിന്നു് കുറേ മാംസവും അരുത്തുവച്ചു.

എന്നിട്ടും ആ തട്ട താണില്ല. വീണ്ടും വീണ്ടും മാംസം അരത്തുവച്ചിട്ടും ഫലം അതു തന്നെ. ഒടുവിൽ മുഴുവൻ ശരീരത്തെയും ത്രാസ്സിൽ ഏററി. അപ്പോഠം തൂക്കം സമമായി.

ഈ അവസരത്തിൽ ദേവന്മാർ തങ്ങളുടെ ശരിയായ രൂപത്തിൽ വെളിപ്പെട്ടു്, രാജാവിനോടു പറഞ്ഞു.—

"ഞങ്ങഠം പക്ഷികളല്ല; ദേവന്മാരാണു്. നിൻെറ ദയാശീലം പരീക്ഷിക്കാനായി വന്നതാണു്. ഞങ്ങഠം സന്തോഷിക്കുന്നു. എന്തു വരങ്ങഠം വേണമെങ്കിലും ചോദിച്ചുകൊള്ളുക."

അവർ അദ്ദേഹത്തിനു വേണ്ട വരങ്ങളെല്ലാം കൊടുക്കുകയും ശരീരം പഴയ സ്ഥിതിയിൽ ആക്കുകയുംചെയ്തു.

ശിബി വിരുന്നുസൽക്കാരത്തിലും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അതിഥി ചോദിക്കുന്നതു കൊടുക്കണം എന്നായിരുന്നു അദ്ദേഹത്തിൻെറ വ്രതം. ഒരിക്കൽ ബ്രഹ്മാവു് ഒരു ബ്രാഹ്മണൻെറ വേഷത്തിൽചെന്നു. രാജാവു് ഉണ്ണാൻ ക്ഷണിച്ചു. അപ്പോഠം ബ്രാഹ്മണൻ പറഞ്ഞു:—"എനിക്കു തൃപ്തിയാകണമെങ്കിൽ അവിടുത്തെ മകനേ കൊന്നു് ആ ഇറച്ചി പാകംചെയ്തു തരിക."

രാജാവു് യാതൊരു മടിയുംകൂടാതെ അങ്ങനെ ചെയ്തു. അപ്പോഠം ബ്രാഹ്മണൻ പറഞ്ഞു:—"അങ്ങുകൂടി ഇതിൽ പങ്കു കൊള്ളണം. എന്നാലേ എനിക്കു സുഖമാവൂ."

അതിനു് ശിബി തയ്യാറായപ്പോഠം ബ്രഹ്മാവു് തന്നിരൂപത്തിൽ പ്രത്യക്ഷപ്പെട്ടു് അനേകം വരങ്ങഠം നൽകി മകനു ജീവൻ കൊടുക്കുകയും ചെയ്തു.

# 6. സെൻറ് തോമസ്

സിരിയാക്ക് ഭാഷയിൽ ഒരു കഥയുണ്ട്. പുണ്യവാളന്മാർ എല്ലാം ജറൂസലേമിൽ കൂടിയപ്പോൾ, ക്രിസ്തുധർമ്മം ഉപദേശിക്കാനുള്ള രാജ്യങ്ങളെ കുറിയിട്ടു വീതിച്ചെടുത്തു. ജൂദാസ് തോമസ്സിനാണ് ഇൻഡ്യയിൽ മതം ഉപദേശിക്കാനുള്ള കുറി വീണത്. "എനിക്ക് അതിനുള്ള കരുത്തും തൻേറടവും ഇല്ല" എന്നു പറഞ്ഞ് അദ്ദേഹം ഒഴിഞ്ഞു. ഇൻഡ്യാക്കാരെ വെറും എബ്രായക്കാരനായ താൻ എങ്ങനെ പഠിപ്പിക്കേണ്ടു എന്നായിരുന്നു അദ്ദേഹത്തിൻെറ സംശയം. രാത്രിയിൽ കർത്താവ് സ്വപ്നത്തിൽ ദർശനം അരുളിയിട്ടു പറഞ്ഞു: "തോമസേ, ഭയപ്പെടേണ്ട; എൻെറ കൃപ നിന്നിലുണ്ട്." എന്നിട്ടും അദ്ദേഹം കൂട്ടാക്കിയില്ല.

"കർത്താവേ, മററ് എവിടെ വേണമെങ്കിലും എന്നെ അയച്ചുകൊള്ളുക. ഇൻഡ്യയിലേയ്ക്കു മാത്രം അയയ്ക്കരുതേ" എന്ന് അദ്ദേഹം പ്രാർത്ഥിച്ചു. ഇങ്ങനെ ഇരിക്കേ, ഹബ്ബാൻ എന്നൊരാൾ ആ നാട്ടിൽ ചെന്നു ചേർന്നു. ഗോഡ്നഫർനസ്സ് എന്ന രാജാവ് സമർത്ഥനായ ഒരു തച്ചനെ അന്വേഷിക്കാനായി അയച്ചിരുന്ന ഒരു വ്യാപാരി ആയിരുന്നു അയാൾ.

കർത്താവു തന്നെ പ്രത്യക്ഷപ്പെട്ട്, തോമസ്സിനെ ഇരുപതു വെള്ളിനാണയങ്ങൾക്കു വിററു. അങ്ങനെ അദ്ദേഹം ഗോഡ്നഫർനസ്സ് രാജാവിൻെറ കൊട്ടാരത്തിൽ ചെന്നുചേർന്നു. ഒരു കൊട്ടാരം പണിയാനായി രാജാവു കല്പിച്ചു. എന്നാൽ അതിനായി രാജാവ് ഏല്പിച്ച പണമെല്ലാം ധർമ്മത്തിനായി ചെലവാക്കിയിട്ട്, അദ്ദേഹം ഒരിക്കലും അഴിവില്ലാത്ത ഒരു മന്ദിരം സ്വർഗ്ഗത്തിൽ പണി കഴിച്ചു. നിരാശപ്പെട്ട രാജാവു

തോമ്മസ്സിനേയും ഹബ്ബാനേയും പിടിച്ചു തടവിലാക്കി. അവർ അങ്ങനെ തടവിൽ കിടന്നു കഷ്ടപ്പെട്ടപ്പോൾ ഗദ് എന്ന രാജസഹോദരൻ മരിച്ചു. ദൈവദൂതന്മാർ അയാളെ സ്വർഗ്ഗത്തിൽ കൊണ്ടുചെന്നിട്ട് തോമാ പണി കഴിച്ച കൊട്ടാരം കാണിച്ചുകൊടുത്തു. ഗദിനു ജീവനും നൽകി. ഇതിൻെറ ഒക്കെ ഫലമായി രാജാവും സഹോദരനും ക്രിസ്തുധർമ്മം സ്വീകരിച്ചു. ഇതാണു കഥ. സെൻറ് തോമസ്സിനെപ്പററി വേറെയും പല കഥകളുണ്ട്. അദ്ദേഹം ക്രിസ്താബ്ദം 52-ാമാണ്ട് കടൽവഴി കൊടുങ്ങല്ലൂർ തുറമുഖത്തെത്തി. അദ്ദേഹം ആണത്രെ കേരളക്കരയിൽ ആദ്യമായി ക്രിസ്തുധർമ്മം ഉപദേശിച്ചതു്.

അതിനെത്തുടന്നു് സിറിയായിൽ നിന്നു് അനേകം ക്രിസ്ത്യാനികൾ ഇവിടെ വന്നു കുടി പാൎക്കാൻ തുടങ്ങി. നമ്മുടെ രാജാക്കന്മാർ അവൎക്കെല്ലാം വേണ്ട ഒത്താശകൾ ചെയ്തുകൊടുത്തതിനാൽ, ക്രിസ്ത്യാനികളുടെ സംഖ്യ ഇവിടെ വർദ്ധിച്ചുവന്നു.

## 7. ചേരമാൻ പെരുമാൾ

ചേരമാൻ പെരുമാൾ എന്ന പേരു് കേരളം വാണിരുന്ന ചക്രവൎത്തിമാൎക്കു പൊതുവേ ഉള്ളതാണു്. എന്നാൽ ഒടുവിലത്തെ പെരുമാളിനെ ആണു് നമ്മുടെ നാട്ടിൽ ആ പേരുകൊണ്ടു് ഇപ്പോൾ അറിയുന്നതു്. അദ്ദേഹം മുപ്പത്തിആറു കൊല്ലം നാടു വാണു. അതിനു ശേഷം രാജ്യത്തെ മക്കൾക്കും മരുമക്കൾക്കും വീതിച്ചുകൊടുത്തിട്ടു് അദ്ദേഹം സന്ന്യാസം കൈക്കൊണ്ടു.

അദ്ദേഹം വലിയ ശിവഭക്തനായിരുന്നു. പല കഥകളും അദ്ദേഹത്തെപ്പററി പറയാറുണ്ടു്. ഒടുവിൽ മഹ

മ്മദുമതം സ്വീകരിച്ചു മക്കത്തേയ്ക്കു പോയി എന്നു ചിലർ പറയുന്നതു കള്ളമാണു്. അദ്ദേഹത്തിനെപ്പററി ഒരു പാട്ടു് പെരിയ പുരാണത്തിലുണ്ടു്. അദ്ദേഹം സുന്ദര



ചേരമാൻ പെരുമാൾ

മൂർത്തി എന്ന ഗുരുവിനോടുകൂടി ഉടലോടെ സ്വർഗ്ഗത്തു പോയെന്നു് നാട്ടുകാർ വിശ്വസിച്ചുപോന്നു. തിരുവഞ്ചിക്കുളമായിരുന്നു അന്നത്തെ രാജധാനി, അവിടത്തെ

ക്ഷേത്രത്തിൽ പെരുമാളുടേയും സുന്ദരമൂർത്തിസ്വാമിയുടേയും പ്രതിമകൾ ഇപ്പോഴും കാണാം.

പെരുമാൾ സ്വർഗ്ഗത്തിലേക്ക് ഉടലോടെ പോയിരിക്കയാണെന്നും ഉടനേ തിരിച്ചു വരുമെന്നും വിചാരിച്ച് കൊടുങ്ങല്ലൂരിലെ ജനങ്ങൾ അദ്ദേഹത്തിന് മെതിയടിയും വെള്ളവും തയ്യാറാക്കി വച്ചുകൊണ്ട് വളരെക്കാലം കാത്തിരുന്നു. ആ പെരുമാളിന്റെ നേരേ അനന്തിരവർ എന്ന നിലയിൽ കൊച്ചീ രാജാക്കന്മാർ ആണ്ടുതോറും പിതൃപുണ്യത്തിനായി തിരുവഞ്ചിക്കുളം ക്ഷേത്രത്തിൽ പട്ടത്താനവും നടത്തിവന്നിരുന്നു.

ചേരമാൻ പെരുമാൾ ക്രിസ്തുമതമാണ് ഒടുവിൽ സ്വീകരിച്ചതെന്ന് ചില ക്രിസ്ത്യാനികളും, ബുദ്ധമതമാണെന്നു ബുദ്ധമതക്കാരും പറയാറുണ്ട്. ഇതിൽനിന്നൊക്കെ അദ്ദേഹം ഏതു മതക്കാരോടും ഒരുപോലെ പെരുമാറി എന്ന് നമുക്കു മനസ്സിലാക്കാം.

---

## 8. ശങ്കരാചാര്യർ

ശ്രീ ശങ്കരാചാര്യരുടെ പേരു കേൾക്കാത്തവർ ഇന്നു ലോകത്തിൽ ഇല്ല. അദ്ദേഹം കുന്നത്തുനാട്ടു താലൂക്കിൽ മഞ്ഞപ്ര പ്രവൃത്തിയിൽ കാലടിയിലുള്ള കൈപ്പള്ളി ഇല്ലത്തു ജനിച്ചു. അച്ഛന്റെ പേര് ശിവഗുരു എന്നായിരുന്നു. ശങ്കരൻ ഗർഭത്തിൽ ഇരിക്കുന്ന കാലത്തു തന്നെ അച്ഛൻ മരിച്ചുപോയി. അതിനാൽ ആ ബാലൻ വളന്നത് വൈക്കത്തു മേൽപ്പാഴൂർ ഇല്ലത്തായിരുന്നു; അതായിരുന്നു അമ്മയുടെ ഇല്ലം.

അഞ്ചാമത്തെ വയസ്സിൽ എഴുത്തിനിരുന്നു. അല്പകാലംകൊണ്ട് സകല ശാസ്ത്രങ്ങളും പഠിച്ചു. എട്ടാ

മത്തെ വയസ്സിൽ പെരിയാററിൻെറ മധ്യത്തു വച്ച് സന്യാസം കൈക്കൊണ്ടു എന്നാണ് പറയപ്പെടുന്നതു്. പതിനാലാമത്തെ വയസ്സിൽ ഗീതയ്ക്കു വ്യാഖ്യാനം എഴുതി മുപ്പത്തിരണ്ടാംവയസ്സിൽ സവ്വജ്ഞപീഠം കയറി. പിന്നീടു് അധികകാലം ജീവിച്ചിരുന്നില്ല.

ശങ്കരാചാര്യർ ഇൻഡ്യ ഒട്ടുക്ക സഞ്ചരിച്ചു. മൈസൂരിൽ ശൃംഗേരി എന്ന സ്ഥലത്തിരിക്കുമ്പോഴാണ് അമ്മ മരിക്കാറായി എന്നറിഞ്ഞതു്. അദ്ദേഹം ഉടൻ ഇല്ലത്തു് ഓടി എത്തി. അമ്മ ചോദിച്ചു: "മകനേ, നിനക്ക് എല്ലാം അറിയാമല്ലോ. ഈശ്വരൻ എങ്ങനെ ഇരിക്കും?"

ഈശ്വരനു രൂപമുണ്ടോ? ഏതു രൂപത്തിൽ ധ്യാനിച്ചാലും ആ രൂപത്തിൽ പ്രത്യക്ഷമാകും. പക്ഷേ പഠിപ്പില്ലാത്ത അമ്മയ്ക്കു് വേദാന്തതത്വങ്ങൾ പറഞ്ഞുകൊടുത്തതുകൊണ്ടു് എന്തു പ്രയോജനം? അതിനാൽ അദ്ദേഹം പറഞ്ഞു:—"ഒരു പോത്തിനെപ്പോലിരിക്കും ആ രൂപത്തിൽ ഈശ്വരനെ എപ്പോഴും ഓത്താൽ മതി."

ആ മാതാവിനു് പോത്തിൻെറ രൂപത്തിൽ ഈശ്വരനെ കാണാൻ കഴിഞ്ഞു എന്നാണു കഥ.

ശങ്കരാചാര്യർ അനേകം മഠങ്ങൾ ഇൻഡ്യയുടെ ഓരോ ഭാഗത്തായി സ്ഥാപിച്ചു. അവയെല്ലാം ഇപ്പോഴും ഉണ്ടു്.

കേരളത്തിൽ 64 അനാചാരങ്ങൾ ഏപ്പെടുത്തിയതു് അദ്ദേഹമാണെന്നു ചിലർ പറയുന്നു. അതു ശരിയല്ല. അദ്ദേഹം ചണ്ഡാലൻ മുതൽ മഹാബ്രാഹ്മണൻവരെയുള്ള എല്ലാവരേയും ഒരുപോലെ കരുതി. സവ്വവും ഈശ്വരമായമാണെന്നായിരുന്നു അദ്ദേഹത്തിൻെറ വിശ്വാസം.

ലോകത്തിലെ ചിന്തകന്മാരിൽ വച്ചു് ഒന്നാം സ്ഥാനം ശങ്കരാചാര്യർക്കാകുന്നു.

# 9. എഴുത്തച്ഛൻ

പണ്ടൊക്കെ ഇന്നത്തെപ്പോലെ സർക്കാർപള്ളിക്കൂടങ്ങൾ ഉണ്ടായിരുന്നില്ല; എന്നു വച്ച് എല്ലാവരും പഠിപ്പില്ലാത്തവരായിരുന്നുമില്ല. ഇന്നുള്ളവരെക്കാൾ മികച്ച പഠിപ്പുള്ളവർ പലരും അന്ന് ഉണ്ടായിരുന്നു.

എഴുത്താശാന്മാർ എന്നൊരു കൂട്ടർ കളരികളിൽ വച്ചോ അവരവരുടെ വീടുകളിൽ വച്ചോ കുട്ടികളെ പഠിപ്പിച്ചുവന്നു. പല തലമുറയായി എഴുത്താശാന്മാർ ഉണ്ടായിരുന്ന ചില കുടുംബക്കാരുമുണ്ടായിരുന്നു. അങ്ങനെ ഉള്ള ഒരു കുടുംബത്തിൽ ആണ് എഴുത്തച്ഛൻ ജനിച്ചത്.

എഴുത്തച്ഛൻ മലയാളംഎഴുത്തിന്റെ ഒരു വളർത്തച്ഛൻതന്നെയായിരുന്നു. അദ്ദേഹം എഴുതിയിട്ടുള്ള രാമായണം, ഭാരതം മുതലായ പുസ്തകങ്ങളിലെ ഭാഷ തന്നെയാണ് ഇന്നും നാം ഉപയോഗിക്കുന്നത്.

കുട്ടി ആയിരുന്ന കാലത്ത് അദ്ദേഹം, ഒരു ഓതിക്കോൻ നമ്പൂതിരി കുട്ടികൾക്ക് വേദം ചൊല്ലിക്കൊടുക്കുന്ന സ്ഥലത്തു നിന്നിരുന്നുപോലും. കുട്ടികൾ വേദം ചൊല്ലുന്നതു കേട്ട് നമ്മുടെ ബാലൻ കാട്ട് കോട്ട് എന്നു പറഞ്ഞു. ഓതിക്കോന് കാര്യം മനസ്സിലായി. അയാൾ കുട്ടിക്ക് ഒരു പഴം ജപിച്ചു കൊടുത്തുവെന്നും അതിനു ശേഷം അദ്ദേഹം മിണ്ടാപ്രാണി ആയിപ്പോയെന്നും ഒരു കഥയുണ്ട്. പിന്നീട് എഴുത്തച്ഛന്റെ പിതാവായ നമ്പൂതിരി അതിന് പ്രതിവിധി ചെയ്തതിനു ശേഷമാണത്രെ അദ്ദേഹം സംസാരിച്ചുതുടങ്ങിയത്.

എഴുത്തച്ഛൻ കാലക്രമേണ വളരെ പ്രസിദ്ധനായി. ഒരിക്കൽ കുശുമ്പനായ ഒരു മലയാളബ്രാഹ്മണൻ ചോദിച്ചുവത്രെ. "തുഞ്ചന്റെ ചക്കിൽ എത്രയാട്ടും?"

എഴുത്തച്ഛൻ, "തുഞ്ചന്റെ ചക്കിൽ നാലും ആറും ആട്ടും."



എഴുത്തച്ഛൻ ജാതിയിൽ ചക്കാലയാണെന്ന് നമ്പൂതിരി ആക്ഷേപിക്കയായിരുന്നു ചെയ്തതു്. നാലു വേദങ്ങളും ആറു ശാസ്ത്രങ്ങളും തുഞ്ചന് അറിയാം എന്നായിരുന്നു അതിനു മറുപടി. നമ്പൂതിരി ലജ്ജിച്ചുപോയെന്നു പറയേണ്ടല്ലൊ.

എഴുത്തച്ഛനും കണ്ണശ്ശപ്പണിക്കരും പരസ്പരം കേട്ടറിഞ്ഞിരുന്നു. നേരിട്ടു കണ്ടിരുന്നില്ല. ഒരിക്കൽ രണ്ടുപേരും ശിവരാത്രിക്കു് ആലുവാമണപ്പുറത്തെത്തി. വലിയ ആൾത്തിരക്കു്. എഴുത്തച്ഛൻ പറഞ്ഞു:—"ചവിട്ടുന്നതൊക്കെ ഗുരുവാണെന്നു വിചാരിച്ചുകൊള്ളണേ."

അതു കേട്ടു നിന്നിരുന്ന ആൾ പറഞ്ഞു:—"കിട്ടുന്നതൊക്കെ ദക്ഷിണയായും കരുതണം."

ഉടനേ എഴുത്തച്ഛൻ ചോദിച്ചു: "നിങ്ങൾ കണ്ണശ്ശപ്പണിക്കരല്ലേ?"

"അതേ, എന്നാൽ നിങ്ങൾ തുഞ്ചത്തെഴുത്തച്ഛനാണെന്നു തോന്നുന്നല്ലോ." അങ്ങനെ രണ്ടുപേരും അന്യോന്യം തിരിച്ചറിഞ്ഞു് തമ്മിൽ വളരെ സ്നേഹമായി.

ഇങ്ങനെ പല കഥകളും എഴുത്തച്ഛനെപ്പററി പറയാറുണ്ടു്.

എഴുത്തച്ഛനാണു് നമ്മുടെ ഏകഭാഷാ ഗുരു. അദ്ദേഹത്തിൻെറ കൃതികൾ നിത്യവും വായിക്കുന്നവക്ക് ഭാഷാദേവി എന്നെന്നേക്കും വശപ്പെടും.

എഴുത്തച്ഛൻ ജനിച്ചതു് വെട്ടത്തുനാട്ടിൽ തുഞ്ചൻ പറമ്പിലാണു്. അവിടെ ഇപ്പോൾ ഒരു ചെറിയ മഠം ഉണ്ടു്. ആ പുരയിടത്തിലെ മണൽ കൊണ്ടുപോയാണു് ആ നാട്ടുകാർ കുട്ടികളെ ഇന്നും എഴുത്തിനിരുത്തുന്നതു്.

മരിച്ചതു് ചിററൂർവച്ചാണെന്നാണറിവു്. അവിടെ ഭാരതപ്പുഴയുടെ വടക്കുഭാഗത്തു് കുറെ ഭൂമി വാങ്ങി ഒരു

വിഷ്ണുക്ഷേത്രവും പന്ത്രണ്ടു മഠങ്ങളും തനിക്കിരിക്കാനായി അവയുടെ നടുവിൽ ഒരാശ്രമവും എഴുത്തച്ഛൻ ഉണ്ടാക്കിച്ചിരുന്നു. അവിടെ വച്ചായിരുന്നു അദ്ദേഹത്തിന്റെ സമാധി. മഠങ്ങൾ എല്ലാം അദ്ദേഹം ബ്രാഹ്മണർക്കു ദാനം ചെയ്തു. ക്ഷേത്രത്തിലെ നിത്യനിദാനത്തിനും എഴുത്തച്ഛൻ തന്നെ വസ്തുക്കൾ വിട്ടിരുന്നു.

ചിററൂരിൽ ഇപ്പോൾ എഴുത്തച്ഛന്റെ ഓർമ്മയ്ക്കായി ഒരു മഠം സ്ഥാപിച്ചിട്ടുണ്ടു്.

---

## 10. ബാബറും ഹുമായൂണും

മുകിലരാജവംശത്തിന്റെ സ്ഥാപകനായിരുന്നു ബാബർ. അദ്ദേഹത്തിനെപ്പോലെ സൽഗുണങ്ങൾ നിറഞ്ഞവർ വളരെ ചുരുക്കമായിരുന്നു. ഇൻഡ്യയുടെ വടക്കുപടിഞ്ഞാറേ ഭാഗം പിടിച്ചടക്കിയിട്ടു് അദ്ദേഹം കാബൂളിൽ വാഴുകയായിരുന്നു.

ബാബർക്കു് നാലു മക്കളുണ്ടായിരുന്നു. അവരിൽ മൂത്തയാൾ ഹുമായൂൺ ആയിരുന്നു. ആ രാജകുമാരനോടായിരുന്നു ബാബർക്കു് അധികം സ്നേഹം.

അന്നു് ബാബർക്കു് നാല്പത്തിമൂന്നോ നാല്പത്തിനാലോ വയസ്സേ പ്രായമുണ്ടായിരുന്നുള്ളൂ. ഹുമായൂണിനു് ഒരു ജ്വരം പിടിപെട്ടു. രാജാവല്ലേ? ചികിത്സിക്കാനോ ആളില്ലാത്തതു്? നല്ല നല്ല വൈദ്യന്മാർ കഴിയുന്നതൊക്കെ ചെയ്തു. രോഗത്തിനു് ഒരു കുറവും കണ്ടില്ല.

ബാബറിന്റെ സങ്കടം പറഞ്ഞറിയിക്കാൻ പ്രയാസം സദസ്യരിൽ ഒരാൾ പറഞ്ഞു:—

"എൻെറ കൈവശമുള്ളതിൽ വച്ചു് ഏററവും വില പിടിച്ച സാധനം എൻെറ ജീവൻതന്നെ. അതു് ഞാൻ എൻെറ ഓമന മകനു വേണ്ടി ബലി കഴിപ്പാൻ തയ്യാർ" അതിനു ശേഷം അദ്ദേഹം മകൻ ബോധംകെട്ടു കിടന്നിരുന്ന കിടക്കയുടെ സമീപത്തു ചെന്നു് മുട്ടു കുത്തികൊണ്ടു പ്രാർത്ഥിച്ചു.

"ഈശ്വരാ! അവിടുന്നു ദയാലുവാണു്; സർവ്വശക്തനാണു്. അടിയൻെറ മകനെ രക്ഷിച്ചാലും. അടിയൻ എത്രയോ വർഷമായി ജീവിക്കുന്നു. അവൻെറ സുഖക്കേടു് എന്നിലേക്കു പകർത്തുക. അവൻ ജീവിക്കട്ടെ."

അത്ഭുതം! അപ്പോൾ മുതൽക്കു് ഹുമായൂണിൻെറ സുഖക്കേടിനു കുറവു കണ്ടുതുടങ്ങി. ആ രാജകുമാരൻ ജീവിച്ചു. എന്നാൽ ബാബർ സുഖക്കേടു പിടിപെട്ടു് നല്ല യൗവനദശയിൽ തന്നെ മരിച്ചു.

ഈ ഹുമായൂൺ ആയിരുന്നു ഇൻഡ്യയുടെ ആദ്യത്തെ മുകിലചക്രവർത്തി. അദ്ദേഹത്തിൻെറ മകനായിരുന്നു പ്രസിദ്ധനായ അക്ബർ മഹാൻ.

---

## 11. വാസ്കോഡിഗാമ

പാലും തേനും ഒഴുകുന്ന നാടായിരുന്നു നമ്മുടെ കേരളം. നമുക്കാർക്കും നോക്കെത്താത്ത പഴേ കാലം മുതൽക്കേ ദൂരദേശങ്ങളിൽ നിന്നും കച്ചവടത്തിനായി ഇവിടെ കപ്പൽ വഴിക്കും കരവഴിക്കും വ്യാപാരികൾ വന്നുകൊണ്ടിരുന്നു. ഗ്രീക്കുകാർ, മിസ്രദേശക്കാർ, റോമൻകാർ എന്നു വേണ്ട പലരും ഈ നാടുമായി കച്ചവടം നടത്തിയിട്ടുണ്ടു്.

അവരെല്ലാം വളരെ പണക്കാരും ആയി. നല്ല നേർത്ത പട്ടുകൾ, വജ്രം, വൈഡൂര്യം, മുത്തുകൾ, പവിഴ

ങ്ങൾ, ഇഞ്ചി, കുരുമുളക്, ഏലം, കറവാപ്പട്ട ഇവയൊക്കെ ആയിരുന്നു പ്രധാന ചരക്കുകൾ.

റോമൻകാർ ഈ വക സാമാനങ്ങൾ യൂറോപ്പിന്റെ മററു ഭാഗങ്ങളിൽ കൊണ്ടുചെന്നു വലിയ വിലയ്ക്കു വിററുവന്നു. കാലം കുറെ ചെന്നപ്പോൾ, മിശ്രദേശം അറബികളുടെ കൈവശത്തിലായി. അവരുടെ അനുവാദം കൂടാതെ സായിപ്പിന്മാർക്ക് നമ്മുടെ നാട്ടുമായി കച്ചവടം നടത്താൻ സാധിക്കാതെ വന്നു. അങ്ങനെ അവർക്ക് എന്നും ആവശ്യമുള്ള കുരുമുളകിനും ഏലത്തിനും



വാസ്കോഡിഗാമ

കരുവാപ്പട്ടയ്ക്കും വില കൂടി. മാംസം തിന്നു ജീവിക്കുന്ന വർക്ക് മസാല കൂടാതെ കഴികയില്ലല്ലോ.

അതിനാൽ ഇൻഡ്യയിലേക്ക് പുതിയ ഒരു വഴി കണ്ടുപിടിക്കാൻ പടിഞ്ഞാറൻ രാജ്യക്കാർ കൊണ്ടുപിടിച്ചു ശ്രമം തുടങ്ങി. എന്നാൽ ആഫ്രിക്കയുടെ തെക്കെ അററത്തുള്ള മുനമ്പു കടന്ന് കപ്പൽവഴി ആദ്യമായിട്ടു കേരളത്തിൽ എത്തിയ യൂറോപ്യൻ വാസ്കോ ഡി ഗാമ എന്ന പോർത്തുഗീസുകാരൻ ആയിരുന്നു.

ഗാമ പോർത്തുഗൽ രാജാവിൻെറ അടുക്കൽനിന്ന് പല വിലയേറിയ സമ്മാനങ്ങളും കൊണ്ടാണ് കോഴിക്കോട്ടെത്തിയത്. സാമൂതിരിപ്പാട് കപ്പൽ തുറമുഖത്തടുക്കാൻ അനുവാദം കൊടുത്തു. സമ്മാനങ്ങൾ കണ്ടു സന്തോഷിച്ച് രാജാവ് ചരക്കുകൾ ഇറക്കുന്നതിനു ഒരു പണ്ടകശാലയും നൽകി.

എന്നാൽ സാമൂതിരിയുടെ ഉദ്യോഗസ്ഥന്മാർ അറബികളുടെ വശത്തായിരുന്നു. അവരും അറബികളും കൂടി ഗാമയേയും കൂട്ടരേയും വളരെ ഉപദ്രവിച്ചു.

രണ്ടു മൂന്നു മാസങ്ങൾ കഴിഞ്ഞ് ഗാമ യൂറോപ്പിലേക്കു മടങ്ങി. പോർത്തുഗൽ രാജാവ് കാബ്രാൾ എന്നൊരാളെയായിരുന്നു രണ്ടാമത് അയച്ചത്. അയാളെ കോഴിക്കോട്ടിറങ്ങാൻ അറബികൾ സമ്മതിച്ചില്ല സാമൂതിരിയും അവരുടെ ഏഷണി കേട്ട് പറങ്കികളോടു തമ്മിൽ കോളില്ലാത്ത നിലയിലാണിരുന്നത്. അതിനാൽ കാബ്രാൾ കോഴിക്കോട്ടു പട്ടണത്തിൻെറ ഒരു ഭാഗം ചുട്ടു നശിപ്പിച്ചശേഷം കൊച്ചിക്കു പോയി. കൊച്ചീരാജാവ് അയാൾക്കു കച്ചവടത്തിനുള്ള സൗകര്യമെല്ലാം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തു.

പോർത്തുഗീസ്‌രാജാവു് വീണ്ടും 800 പടയാളികളോടു കൂടി ഗാമയെ കേരളത്തിലേക്കു് അയച്ചു. സാമൂതിരിയോടു പക വീട്ടണമെന്നായിരുന്നു രാജാവിൻെറ ഉദ്ദേശം. കൊച്ചിയിൽനിന്നും ഗാമ ചരക്കേററിത്തുടങ്ങിയപ്പോൾ കൊല്ലത്തെ റാണി ഇതറിഞ്ഞു. ഒന്നു രണ്ടു കപ്പലുകൾ അങ്ങോട്ടയച്ചാൽ, അവ നിറയെ കുരുമുളകു കയററി അയയ്ക്കാമെന്നു് ഒരു ദൂതൻവഴി റാണി ഗാമയെ അറിയിച്ചു. അദ്ദേഹം കൊച്ചീ രാജാവിൻെറ സമ്മതത്തോടുകൂടി അങ്ങോട്ടു കപ്പൽ അയയ്ക്കുകയും ചെയ്തു.

ഇങ്ങനെ ഗാമ തിരിച്ചു പോയപ്പോൾ പോർത്തുഗീസുകാർക്കു് വടക്കും തെക്കും പണ്ടകശാലകൾ കെട്ടാനുള്ള അനുവാദം ലഭിച്ചുകഴിഞ്ഞു.

ഇങ്ങനെ കടന്നുകൂടിയ പറങ്കികൾ ഏതാനും വർഷങ്ങൾക്കുള്ളിൽ കേരളത്തിൽ ഒരു വലിയ ശക്തിയായിത്തീർന്നു.

---

## 12. ചാന്ദ്‌ബീബി

ഡക്കാണിലെ മുസ്ലീംരാജ്യങ്ങളിൽ ഒന്നായിരുന്നു അഹമ്മദ്‌നഗരം. അവിടത്തെ രാജാവായിരുന്ന ഹുസൈൻനിജാംഷായ്ക്കു് ചാന്ദ്‌ബീബി എന്നൊരു മകളുണ്ടായി. അത്രയും അഴകുള്ള വേറൊരു കന്യകയും അക്കാലത്തു് ആ നാട്ടിലോ സമീപദേശങ്ങളിലോ ഉണ്ടായിരുന്നില്ല. ബിജാപ്പൂരിലെ സുൽത്താനായിരുന്ന അലി അദിൽഷാ ആ രാജകന്യകയെക്കണ്ടു മോഹിച്ചു കല്യാണം കഴിച്ചു.

ഭർത്താവിനെ ഊണിലും ഉറക്കത്തിലും എന്നുവേണ്ട സദാ സമയവും പരിചരിച്ചുകൊണ്ടു് ആ റാണി കാലം

കഴിച്ചുപോന്നു. ഭർത്താവിന്റെ സുഖത്തിൽ കവിഞ്ഞു് മററൊന്നും അവർ ആഗ്രഹിച്ചില്ല. പക്ഷെ ചാന്ദ്ബീബിയുടെ ഭാഗ്യം അധികകാലം നിലനിന്നില്ല. എന്തുകൊണ്ടെന്നാൽ അദിൽഷാ മരിച്ചുപോയി. റാണി സുൽത്താന്റെ സഹോദരപുത്രനായ ഇബ്രാഹിമിനെ സുൽത്താനായി വാഴിച്ചു. ആ സുൽത്താന് അന്നു് ഒൻപതു വയസ്സു പ്രായമേ ഉണ്ടായിരുന്നുള്ളൂ. അതിനാൽ രാജ്യകാര്യങ്ങൾ റാണിതന്നെയാണു നടത്തിക്കൊണ്ടിരുന്നതു്.

ഒരു സ്ത്രീയാണല്ലോ നാടു വാഴുന്നതെന്നു കണ്ടിട്ട് അഹമ്മദ്നഗരിലേയും ഗോൽകൊണ്ഡയിലേയും ബിദാറിലേയും സുൽത്താന്മാർ ഒന്നിച്ചുചേന്നു് ബിജാപ്പൂർ ആക്രമിച്ചു. നാട്ടിലെ സർദാരന്മാരെല്ലാം തങ്ങളിൽ തങ്ങളിൽ കടിപിടി കൂടിക്കൊണ്ടിരുന്ന കാലമായിരുന്നു അതു്. എന്നിട്ടും റാണിയുടെ സാമർത്ഥ്യത്താൽ അവരെല്ലാം യോജിച്ചു ശത്രുവിനെ എതിർത്തു. അതിനാൽ ആ ആക്രമണം ഫലിച്ചില്ല.

ഇബ്രാഹിമിനു പ്രായമാവുംവരെ ചാന്ദ്ബീബി ഭരണിയായി കാര്യങ്ങളെല്ലാം നോക്കി. സുൽത്താനു പ്രായം വന്നതിനോടെ കാര്യങ്ങൾ കുഴഞ്ഞുതുടങ്ങി. നാട്ടിൽ അന്തശ്ഛിദ്രം വർദ്ധിച്ചു. ഇബ്രാഹിം തോന്ന്യാസമായി ഭരണം ആരംഭിച്ചു. ഇതൊക്കെക്കണ്ടു് വെറുപ്പു തോന്നുകയാൽ ചാന്ദ്ബീബി പിതാവിന്റെനാടായ അഹമ്മദ് നഗരത്തിലേക്കു പോയി. എന്നാൽ 'പട പേടിച്ചു പന്തളത്തു ചെന്നപ്പോൾ പന്തവും കൊളുത്തി പട' എന്ന സ്ഥിതിയായി. റാണിക്കു് അവിടെയും ശാന്തി ലഭിച്ചില്ല. എന്തുകൊണ്ടെന്നാൽ അവിടെ അന്നു നാടു വാണിരുന്നതു് റാണിയുടെ സഹോദരനായിരുന്നു. അദ്ദേഹത്തിന്റെ മകൻ കൊന്നിട്ടു് രാജ്യം ഭരിക്കാൻ തുടങ്ങി. പക്ഷേ

പിതൃഘാതകന് എവിടെ സുഖം ലഭിക്കാൻ പോകുന്നു? സർദാരന്മാർ ചേർന്ന് അയാളെയും കൊന്നു, പിന്നീട് അവർ തമ്മിലായി മത്സരം.

ഈ സമയത്ത് ചാന്ദ് ബീബിയുടെ മറെറാരു സഹോദരനായ ബൂർഹാൻനിജാം മുകിലസൈന്യത്തിന്റെ സഹായത്തോടുകൂടി അധികാരം കൈവശപ്പെടുത്തി.

ഈ വിധം അയാൾ മുകിലന്മാർക്ക് വിന്ധ്യ കടന്ന് ഇപ്പുറം വരാൻ ഒരു പഴുതുണ്ടാക്കിക്കൊടുത്തു. അന്തശ്ഛിദ്രം വരുത്തുന്ന വിനയാണിതു്. ബൂർഹാൻ മരിച്ചപ്പോൾ രാജ്യഭാരം കൈയേററ ഇബ്രാഹിം ബിജപ്പൂരുമായുള്ള യുദ്ധത്തിൽ മരിച്ചുപോവുകയും ചെയ്തു.

ഈ അവസരത്തിൽ ചാന്ദ്ബീബിക്ക് ഇബ്രാഹിമിൻെറ ശിശുവായ പുത്രനെ വാഴിക്കേണ്ടതാണെന്നു തോന്നി. ചില സർദാരന്മാർ ബീബിയുടെ പക്ഷത്തിൽ ചേർന്നു. മററു ചിലർ എതിർത്തു. ശത്രുപക്ഷക്കാർ അക്ബർ ചക്രവർത്തിയുടെ പുത്രനായ മുറാദിൻെറ സഹായം അപേക്ഷിച്ചു. അദ്ദേഹം അഹമ്മദുനഗരം വളഞ്ഞു. മുകിലരുടെ പീരങ്കികൾകൊണ്ടു്. കോട്ടയുടെ ഒരു ഭാഗം പൊളിഞ്ഞപ്പോൾ, സേനാപതിയുടെ ധൈര്യം എല്ലാം പമ്പ കടന്നു. ആ സമയത്തു് കോട്ടയുടെ പൊളിഞ്ഞ ഭാഗത്തു് വാളും കൈയിലേന്തിക്കൊണ്ടു് ചാന്ദ്ബീബി സാക്ഷാൽ ദുർഗ്ഗയെപ്പോലെ നിലകൊണ്ടു. അതിനോടുകൂടി എല്ലാ സേനാപതികളും നാണിച്ച് ശത്രുക്കളെ എതിർക്കാനായി മുന്നോട്ടു ചെന്നു. മുകിലസൈന്യം ഓടിഒളിച്ചു.

കുറേക്കാലം കഴിഞ്ഞു. മുകിലന്മാർ വീണ്ടും വന്നു. ആറു മാസക്കാലം റാണി അവരെ എതിർത്തുനിന്നു. എന്നാൽ പാളയത്തിലും പട തുടങ്ങി. ചിലസർദാരന്മാർ

ഒഴിഞ്ഞു മാറി. ചതി പ്രയോഗിക്കാനും ആളുണ്ടായി. എന്നാൽ മുകിലന്മാരോട്ട സന്ധിചെയ്ത്ത് അവൎക്ക പ്രാണനെ രക്ഷിക്കാമായിരുന്നു. അവർ അതു ചെയ്തില്ല. സ്വന്തം ആളുകളുടെ ചതിയിൽ പെട്ടു് അവർ മരണത്തെ കൈവരിച്ചു.

എന്നാൽ ചാന്ദ്ബീബിമരിച്ചോ? ഇല്ല; അവരുടെ വീരകഥയെ പാട്ടുകളായും കഥകളായും നോവലുകളായും ഇന്നാട്ടുകാർ എഴുതിയിട്ടുള്ളതിനാൽ ആൎക്കു് അവരെ മറക്കാൻ സാധിക്കും?

---

## 13. തച്ചോളി ഒതേനൻ

വടക്കു് വടകരത്തീവണ്ടി ആപ്പീസിനു സമീപത്തു് മേപ്പ എന്നൊരു ദേശമുണ്ടു്. അവിടെ ഒരു കുന്നിന്റെ ചരിവിലായി ഒരു പഴയ തറവാട്ടു് പണ്ടുണ്ടായിരുന്നു. മാണിക്കോത്തു് എന്നായിരുന്നു പേരു്. ആ തറവാട്ടിന്റെ ചില നഷ്ടശിഷ്ടങ്ങൾ മാത്രമേ ഇപ്പോൾ ഉള്ളു. ആ വീടിരുന്ന സ്ഥാനത്തു് അവിടത്തെ കാരണവന്മാരായ ഒതേനന്റെയും കോമന്റെയും പ്രേതങ്ങളെ കുടി വെച്ച ഒരു മണ്ഡപമുണ്ടു്.

ആ നാട്ടുകാർ ആണ്ടിൽ ഒരിക്കൽ അവരുടെ ഓൎമ്മയ്ക്കായി ഒരു തിറ നടത്തിവരുന്നു. ആരാണു് ഈ ഒതേനൻ?

ഒതേനനേയും കോമനേയും പററി ഒട്ടു വളരെ പാട്ടുകൾ മലയാളത്തിൽ ഉണ്ടു്. അവ വായിച്ചു് ആൎക്കും എളുപ്പത്തിൽ മനസ്സിലാക്കാം. അത്ര ലളിതമാണവ. വടക്കൻപാട്ടുകൾ എന്നാണു് അവയെ വിളിക്കാറുള്ളതു്.

തച്ചോളി മേപ്പയിൽ ഉപ്പാട്ടി എന്നൊരു സുന്ദരി ഉണ്ടായിരുന്നു. അവരെ കണ്ടു് പുതുപ്പട്ടണത്തു ചീനം വീട്ടിൽ വാഴുന്നവർ മോഹിച്ചു. അദ്ദേഹം വശ്യം ചെയ്തു് അവരെ വശപ്പെടുത്തി. പുടവകൊടയും നടത്തി. അവരിൽ അദ്ദേഹത്തിനു് കോമക്കുറുപ്പു്, ഉണിച്ചിരി, ഒതേനൻ എന്നു മൂന്നു കുട്ടികൾ ജനിച്ചു.

ഒതേനൻ കുട്ടിക്കാലത്തു് തല്ലുകൊള്ളിത്തരങ്ങൾ പലതും കാണിച്ചു. ഒരുദിവസം ലോകനാർകാവിൽ വച്ചു് ഒരു ലഹളതന്നെയും ഉണ്ടാക്കി. കാവിൽ കുറുപ്പന്മാർ അവനെ പിടിച്ചു കെട്ടി പുറമേരിക്കോലോത്തു തമ്പുരാൻെറ അടുക്കൽ എത്തിച്ചു. ഇത്രമാത്രം പരാക്രമം ഈ കുട്ടിക്കാലത്തു കാണിക്കുന്ന ഒരു പയ്യൻ വളൎന്നുവന്നാൽ നാടു പിടിച്ചടക്കിയേക്കും എന്നു് അവർ തമ്പുരാനെ അറിയിച്ചു. അതു വിശ്വസിച്ചു് അവനെ കഴുവിലേററാൻ തമ്പുരാൻ കല്പിക്കയും ചെയ്തു.

എന്നാൽ അച്ഛൻ വിവരം അറിഞ്ഞു് കാവിലേക്കു് ആയിരം പൊന്നു പിഴ അടയ്ക്കാമെന്നു പറഞ്ഞു് കുട്ടിയെ വീണ്ടുകൊണ്ടുപോന്നു.

ഇതിൽ ഒതേനനു് അല്പം ജാള്യം പററി. അതിനാൽ അവൻ തിരുവയിച്ചോലയിലെ കുറുപ്പിനേയും വിശ്വസ്തഭൃത്യനായ ചാപ്പനേയും കൂട്ടിക്കൊണ്ടു് ചേറായിപ്പണിക്കരുടെ അടുക്കൽ ചെന്നു് രണ്ടരക്കൊല്ലം അവിടെ അദ്ദേഹത്തിൻെറ ശിഷ്യനായി പയററു നടത്തി. അതുകൊണ്ടും തൃപ്തിപ്പെടാതെ കടത്തുനാട്ടു ചെന്നു് മതിലൂർ ക്കുരുക്കളുടെ അടുക്കൽ പഠിക്കാൻ തീർച്ചപ്പെടുത്തി. എന്നാൽ ഈ വിവരം അറിഞ്ഞു് പുറമേരിക്കോവിലകത്തെ തമ്പുരാൻ ഒതേനനെ കൊല്ലാൻ കുരുക്കളോടു്

ആവശ്യപ്പെട്ടു. ചാപ്പന് ഇതെങ്ങനെയോ അറിവു കിട്ടി. അതിനാൽ ഒതേനനും കൂട്ടരും തുളുനാട്ടിൽ ചെന്നു് രാമപ്പൻകുരുക്കളുടെ അടുക്കൽ നിന്നു് പല മമ്മവിദ്യകളും അഭ്യസിച്ചു മടങ്ങി. ഇങ്ങനെ പഠിത്തമെല്ലാം തീൻ നാട്ടിൽ മടങ്ങി എത്തിയ ഒതേനനോടു കിടനിൽക്കാൻ ആ നാട്ടിലെന്നല്ല, മററങ്ങും ആരും ഇല്ലാതെയായി.

ആദ്യമായി തന്നോടു ചതി കാണിക്കാൻ മുനിഞ്ഞ മതിലൂർ കുരുക്കളോടാണു് ഒതേനൻ പക വീട്ടിയതു്. പിന്നീടു് അന്നത്തെ പ്രമാണികളായിരുന്ന കുട്യാത്തു മൊയ്തീൻകുട്ടി, മലബാർ രൈരു, ചീറമ്മൽ കരിമ്പാറക്കോട്ടു് ചെമ്പൻ എന്നീ മല്ലന്മാരെ തോല്പിച്ചു. അണ്ടലൂർക്കാവിൽ വച്ചു് തീയർ അദ്ദേഹത്തിനോടു് എതിരിട്ടുവെങ്കിലും അവരും തോററുപോയി.

ഇങ്ങനെ ഒതേനൻെറ പേരും പെരുമയും നാട്ടിലെങ്ങും പരന്നു. എവിടെച്ചെന്നാലും അദ്ദേഹത്തിൻെറ വീരകൃത്യങ്ങളെപ്പററിയുള്ള കഥകളേ കേൾപ്പാനുള്ളൂ എന്നായിക്കായി.

ഒരിക്കൽ കുറേ മാപ്പിളമാർ കുററിപ്പുറത്തു കോവിലകത്തെ തമ്പുരാനു കാഴ്ച വയ്ക്കാനായി കൊണ്ടുപോയ ഒരു പൊൻതളികയെ ഒതേനൻ പിടിച്ചുപറിച്ചു. അതു തമ്പുരാൻ അറിഞ്ഞപ്പോൾ ഇനി ഒതേനനെ നാട്ടിൽ വച്ചിരുന്നുകൂടാ എന്നു തീർച്ചപ്പെടുത്തി. അദ്ദേഹത്തിനെ കൊല്ലാനായി കണ്ടപ്പൻ എന്നൊരാളെ തമ്പുരാൻ ചുമതലപ്പെടുത്തി. എന്നാൽ ഒതേനൻ ഇതു് ചാരന്മാർ മുഖേന അറിഞ്ഞു. അതിനാൽ അദ്ദേഹം കണ്ടപ്പൻെറ ഭാര്യവീട്ടിൽ ഒളിച്ചിരുന്നു് സൂത്രത്തിൽ അയാളുടെ ആൾ

ക്കാരെക്കൊണ്ടുതന്നെ അയാളെ കൊല്ലിച്ചു. ഇങ്ങനെ പല അത്ഭുതകഥകളും വടക്കൻപാട്ടുകളിൽ ഉണ്ടു്.

കാവിലും ചാത്തോത്തു് ചീരു എന്നൊരു പെണ്ണു് ഉണ്ടായിരുന്നു. അവളെ ഒതേനനെക്കൊണ്ടു് താലി കെട്ടിക്കണമെന്നു് അവളുടെ അമ്മ ആഗ്രഹിച്ചു. പക്ഷേ ചേട്ടൻവഴി ഈ വിവരം അറിഞ്ഞപ്പോൾ "കാക്കയെപ്പോലെ കറുത്തിരിക്കുന്ന അവളെ ആർക്കുവേണം?" എന്നു പറഞ്ഞു് ഒതേനൻ തള്ളിക്കളഞ്ഞു. എന്നാൽ അന്നു് അവൾ കൊച്ചു കുട്ടിയായിരുന്നു. ക്രമേണ വളർന്നു് അവൾ അതിസുന്ദരിയായി. ഒരു ദിവസം അവൾ കുളിക്കാൻ പോകുന്നതു കണ്ടു് ഒതേനനു് അവളിൽ അനുരാഗം ഉണ്ടായി. പക്ഷേ ഇതു് പണ്ടത്തെ ചീരുവാണെന്നു് അദ്ദേഹം അറിഞ്ഞതുമില്ല. അതിനാൽ ചാപ്പനെ വിളിച്ചു പറഞ്ഞു:—"ചാപ്പാ, നീ ചെന്നു് അവളോടു് ഒരിക്കൽ മുറുക്കാൻ തരുമോ എന്നു ചോദിക്ക".

അക്കാലത്തു് ഇങ്ങനെ ആയിരുന്നു യുവാക്കന്മാർ തങ്ങളുടെ അനുരാഗം അറിയിച്ചുവന്നതു്. ചാപ്പൻ അവളുടെ അടുക്കൽ ചെന്നു് മുറുക്കാൻ ചോദിച്ചു. പക്ഷേ, തന്നെ പണ്ടു കാക്കക്കുറുമ്പിയെന്നു പരിഹസിച്ച ആളിന്റെ ഭൃത്യനാണെന്നു മനസ്സിലാക്കിക്കൊണ്ടു് അവൾ പറഞ്ഞു:—

"എന്റെ കയ്യിൽ ജോനകൻ തിന്നുന്ന വെററിലയേ ഉള്ളു."

ഒതേനൻ വ്യസനിച്ചു് തന്റെ അറയിൽ ചെന്നു കിടപ്പായി. ഊണുമില്ല, ഉറക്കവുമില്ല. ജ്യേഷ്ഠനായ കോമക്കുറുപ്പു് ചീരുവിന്റെ വീട്ടിൽ ചെന്നു് അവളുടെ അമ്മയോടു കല്യാണക്കാര്യം പറഞ്ഞു. അവരും ചീരുവിനെ

പ്പോലെ മറുത്തുത്തരമാണു പറഞ്ഞതു്. ഒടുവിൽ ചാപ്പനും ഒതേനനും കൂടി ഒരു വഴി കണ്ടുപിടിച്ചു. ഒരു പൊട്ടന്റെ വേഷത്തിൽ, ചാപ്പൻ ചീരുവിന്റെ വീട്ടിൽ എത്തി. അവന്റെ നേരമ്പോക്കുകളും വിദ്യകളും കണ്ടു് സന്തോഷിച്ചു്, അവനു കഞ്ഞി കൊടുക്കാൻ അമ്മയും മകളും തീർച്ചയാക്കി. അവൻ കഞ്ഞി കുടിച്ചുകൊണ്ടിരിക്കുമ്പോൾ പറഞ്ഞു:—"എനിയ്ക്കു പൊട്ടനായ ഒരു ചങ്ങാതി ഉണ്ടു്. അവൻ ഞാനില്ലാതെ ഒന്നും കഴിക്കയില്ല. ദയവുചെയ്തു് അവനെ കൂട്ടിക്കൊണ്ടുവരാൻ അനുവദിക്കണം." ചീരുവിന്റെ അമ്മ സമ്മതിച്ചു. ചാപ്പൻ ചെന്നു് തന്റെ കൂട്ടുകാരനെ കൂട്ടിക്കൊണ്ടു വന്നു.

രണ്ടു പൊട്ടന്മാരും പല വിനോദങ്ങളും കാണിച്ചു. നേരം ഇരുട്ടി. കിടക്കാറായപ്പോൾ ചാപ്പൻ പറഞ്ഞു:—

"എന്റെ ചങ്ങാതി വലിയ പേടിക്കാരനാണു്. രാത്രി ഒരില അനങ്ങിയാൽ അവൻ വിറച്ചു തുടങ്ങും. അതുകൊണ്ടു് അകത്തു തന്നെ കിടക്കാൻ ഒരു പായ് കൊടുക്കണം."

അമ്മയും മകളും തമ്മിൽ അതിനെപ്പററി തക്കമുണ്ടായി—ഒടുവിൽ അവർ സമ്മതിച്ചു. അർദ്ധരാത്രി ആയപ്പോൾ, ഈ പൊട്ടൻ തന്റെ സാക്ഷാൽ വേഷത്തിൽ ചീരുവിന്റെ മുൻപിൽപ്രത്യക്ഷപ്പെട്ടു. അങ്ങനെ അവർ തമ്മിൽ ഇണങ്ങി. മുറയ്ക്കു പുടവകൊടയും നടന്നു.

ഒതേനനു് കുഞ്ഞിച്ചന്തു എന്നൊരു അനന്തിരവനുണ്ടായിരുന്നു. അവനും വലിയ വീരനായിരുന്നു. ചന്തുവിന്റെ ഭാര്യയായ മാതുക്കുട്ടി ഒരു ദിവസം ഓമല്ലൂർ കാവിൽ കുളിച്ചുതൊഴാൻ പോകണമെന്നു നിശ്ചയിച്ചു. അവളുടെ അമ്മ പറഞ്ഞു:—"മകളേ, വീട്ടിൽ കുളിച്ചാൽ

മതി. വല്ല ശത്രുക്കളും കണ്ടാൽ നിന്നെ പിടിച്ചുകൊണ്ടു പോയ്ക്കളയും."

അതിന് അവൾ മറുപടി പറഞ്ഞു.—

"തച്ചോളി കുഞ്ഞിച്ചന്തുവിൻെറ ഭാര്യയെ തൊടാൻ ഇന്നാരും ഈ നാട്ടിൽ ജനിച്ചിട്ടില്ല."

അവൾ പതിനാറു പിണാത്തിമാരോടുകൂടി അമ്പലക്കുളത്തിലേയ്ക്കു പുറപ്പെട്ടു. കുളി കഴിഞ്ഞു തൊഴാൻ നടയിലെത്തിയപ്പോൾ, പൊന്നിൻപല്ലക്കിൽ അവിടെ വന്നിറങ്ങിയ കണ്ടൻമേനോൻ അവളെക്കണ്ടു മോഹിച്ചു. അവളെ ഉടനെ പല്ലക്കിലേററിക്കൊണ്ടു പോകാൻ അയാൾ കല്പനയും കൊടുത്തു. ഭൃത്യന്മാർ പറഞ്ഞു.—

'തച്ചോളി ചന്തുക്കുട്ടിയുടെ ഭാര്യയെ തൊടുന്നതു് ആപത്താണു്. പതിനെട്ടു വിദ്യയും മായം തിരിപ്പും അറിയാവുന്ന അയാളുടെ ഭാര്യയെ തൊട്ടാൽ കഴുവിനെ കൊത്തുംപോലെ അവർ നമ്മെ എല്ലാം കൊത്തും".

മേനോൻ ഇതൊന്നും വകവച്ചില്ല. അയാൾ തന്നെ അവളുടെ കൈയ്ക്കു കടന്നു പിടിച്ചു. അവൾ അരിശം കൊണ്ടു് ചീറിക്കൊണ്ടു പറഞ്ഞു.—

"ആണും പെണ്ണുമല്ലാത്ത വരുതിക്കയ്യാ
അമ്മ പെങ്ങന്മാർ നിനക്കില്ലേടാ?"

....................................................

തച്ചോളിച്ചന്തുവിനെ അറിയോ നീയ്?
അവനുടെ പെണ്ണായ മാത്തു ഞാനോ.
അവനീ സംഗതി അറിഞ്ഞുവെങ്കിൽ
കഴുവിനെക്കൊത്തുംപോൽ കൊത്തും നിന്നെ.

അതൊന്നും മേനോൻ വകവച്ചില്ല. അവളെ പല്ലക്കിലേററിക്കൊണ്ടു് അവിടെ നിന്നു കടന്നു. ഌളുനാട്ടിൽ കോട്ടയിൽ എത്തിയ ശേഷം, അയാൾ അവളെ വശപ്പെടുത്താൻ നോക്കി. തനിക്കു് ഏഴു നാളത്തെ വ്രതം ആണെന്നും അതു തീരുന്നതിനു മുൻപായി തന്നെ തൊടരുതെന്നും അവൾ അപേക്ഷിച്ചു.

പിണാത്തിമാർ വീട്ടിൽ ചെന്നു് വിവരം ധരിപ്പിച്ചു. ഒതേനൻ ഉടൻതന്നെ കോട്ട പിടിക്കാനായി പുറപ്പെട്ടു. പക്ഷേ എന്തൊക്കെ പയററിയിട്ടും ആ കോട്ട പിടിച്ചടക്കാൻ കഴിയാതെ വന്നു. ചന്തു അവമാനം സഹിക്കവയ്യാതെ ഒരു പണി ആലോചിച്ചു.

ഉടുക്കകളുമങ്ങെടുത്തു ചന്തു
കാവിവസ്ത്രമതെടുക്കുന്നുണ്ടു്.
കാശിക്കാവടിയെടുത്തു ചന്തു
മൊന്തയുമൊന്നങ്ങെടുത്തിതവൻ.
പൊട്ടക്കിണററീന്നു വെള്ളംകോരി
മൊന്ത നിറയെ വെള്ളമെടുത്തു
കാവടിയതിന്മേൽ കെട്ടുന്നുണ്ടു്.

ഇങ്ങനെ ഒരു കാവടിക്കാരൻെറ വേഷത്തിൽ അയാൾ നേരെ മേനോൻെറ കോട്ടയിലേക്കു തിരിച്ചു. കാവൽക്കാർ അയാളെ അകത്തു വിട്ടില്ല. ഒടുവിൽ മേനോൻ ചെന്നു് പല പരീക്ഷകളും നടത്തിയ ശേഷം അയാളെ അകത്തു കടത്തി.

മാതുക്കുട്ടി മാളികയുടെ മുകളിൽനിന്നു് ഇതൊക്കെ കണ്ടു. അവൾക്കു കാര്യം മനസ്സിലായി. തച്ചോളിക്കൊച്ചൻ കടന്നുവന്നു എന്നു് അവൾ സമാധാനപ്പെട്ടു.

കാവടിക്കാരൻ കാവടി ഇറക്കിവച്ചിട്ട് തേവാരം എല്ലാം കഴിച്ചു. പിന്നീട് കുഞ്ചാവുകുട്ടുക്കയെടുത്തു് വലിച്ചുതുടങ്ങി. ഒരു പുക വിട്ടതേ ഉള്ളൂ. ആ കോട്ട എല്ലാം പുകകൊണ്ടു മൂടിപ്പോയി. മേനോനു പേടിയായി. എങ്കിലും അയാൾക്കു സന്ന്യാസിയുടെ പേരിൽ അളവററ ഭക്തി ഉണ്ടാകാതിരുന്നില്ല. അയാൾ മാതുവിനെ വിളിച്ചു് ഈ അത്ഭുതം കാണിച്ചുകൊടുത്തു. അവൾ പുഞ്ചിരിതൂകിയതല്ലാതെ ഒന്നും പറഞ്ഞില്ല.

രാത്രി ഇരുട്ടി. സന്ന്യാസിക്കു കിടക്കാൻ പടിപ്പുര ആകട്ടെ എന്നു് മേനോൻ അഭിപ്രായപ്പെട്ടു. ''അയ്യോ! എനിക്കു പേടിയാവും. അകത്തു വല്ലേടവും കിടക്കാൻ അനുവദിക്കണേ" എന്നു സന്ന്യാസി പറകയാൽ മേനോൻ സമ്മതിച്ചു.

കുറേ നേരം സന്ന്യാസി പാടിയ വടക്കൻപാട്ടുകൾ കേട്ടുകൊണ്ടിരുന്നിട്ടു്, മേനോൻ കിടക്കാൻ പോയി. ദേഹരക്ഷയ്ക്കുള്ള ആയുധങ്ങൾ അടുക്കൽതന്നെ വച്ചുകൊണ്ടാണു് അയാൾ കിടന്നതു്. പാട്ടു കേട്ടു് അല്പനേരത്തിനുള്ളിൽ അയാൾ ഉറങ്ങിപ്പോയി.

അയാൾ ഉറങ്ങിയെന്നറിഞ്ഞു് മാതുക്കുട്ടി ആ കട്ടിലിന്റെ അരികിൽനിന്നും ആയുധങ്ങൾ എടുത്തു മാററി. തോക്കിൽ വെള്ളമൊഴിച്ചു. പിന്നീടു് മുറിയുടെ വാതിൽ ചാരിയിട്ടു് വെളിയിലേക്കു പോയി.

ഇതിനിടയിൽ ചന്തു സന്ന്യാസിവേഷം അഴിച്ചു മാററിയിട്ടു് പടക്കോപ്പണിഞ്ഞുംകൊണ്ടു് കോണിപ്പടി കേറാൻ തുടങ്ങി. ഓരോ പടിയ്ക്കും ഇരുമ്പുകൊണ്ടുള്ള വാതിലുകളാണു്. ആ വാതിലുകളെ അയാൾ ഓരോന്നായി പൊളിച്ചെറിഞ്ഞു. ഒടുവിൽ മേനോൻ കിടന്ന

മുറിയിലെത്തി. അവിടെ മാതുക്കുട്ടിയെ കണ്ടപ്പോൾ അദ്ദേഹത്തിനു സംശയം തോന്നി.

"മെയ്യോടു മെയ്യെന്നെത്തൊട്ടിട്ടില്ല
കളരി പരമ്പര ദൈവത്താണേ"

എന്നവൾ ആണയിട്ടു. പിന്നീട് മാതുവിനെ ചാക്കിലാക്കി തലയ്ക്കു വച്ചുകൊണ്ട് ചന്തു പഴയപോലെ ചെന്നു കിടന്നു.

നേരം പുലർന്നപ്പോൾ മാതുവിനെ കാണാഞ്ഞ് മേനോൻ അന്വേഷണം തുടങ്ങി. കോട്ടയിൽ എല്ലാടിക്കിലും ചെന്നുനോക്കിയപ്പോൾ, പട്ടാളവും ആൾക്കാരും ചന്തുകിടക്കുന്നതുകണ്ട് സന്യാസിയിൽ അയാൾക്ക് സംശയം ജനിച്ചു. ആദ്യം ഒക്കെ ഒഴിഞ്ഞു പറഞ്ഞെങ്കിലും ഒടുവിൽ താൻ ആരെന്നു ചന്തു വെളിപ്പെടുത്തി. മാതുവിനെ ചാക്കിൽനിന്നും പുറത്തിറക്കി കാണിക്കയും ചെയ്തു.

മേനോൻ യുദ്ധത്തിന് ഒരുങ്ങി. രണ്ടുപേരും പഠിച്ച പണി പതിനെട്ടും നോക്കി. ഒടുവിൽ ചന്തുവിന്റെ വെട്ടേറ്റ് അയാൾ ഒൻപതു കഷണമായി നുറുങ്ങി.

ഇതിനിടയ്ക്ക് ഒതേനനും ചാപ്പനും, ചന്തു കോട്ടയ്ക്കകത്തേക്കു പോയിരിക്കുന്ന വിവരം അറിഞ്ഞ് അങ്ങോട്ടു തിരിച്ചു. കോട്ടവാതുക്കൽ ശേഷക്കാരനെ കണ്ടപ്പോൾ അദ്ദേഹത്തിന്റെ ഉള്ളം തണുത്തു. ചന്തു അമ്മാവന്റെ കാൽക്കൽ വീണു വന്ദിച്ചു. ഇങ്ങനെ ഒരു അനന്തിരവനാണല്ലോ തനിക്കു കിട്ടിയിരിക്കുന്നതെന്നോർത്ത്, ഒതേനൻ സന്തോഷിച്ചു.

ഒതേനന്റെ പരാക്രമങ്ങൾ വർണ്ണിച്ചാൽ ഒടുങ്ങുകയുമില്ല. അതിന് ഒരു പുസ്തകം തന്നെ എഴുതേണ്ടി വരും.

# 14. ഈശ്വരചന്ദ്രവിദ്യാസാഗർ

ഉന്നതവിദ്യാഭ്യാസം ചെയ്തിട്ടുള്ള ഒരു യുവാവ് ഒരിക്കൽ ബംഗാളിലെ ഹൌറാ റെയിൽവേ സ്റ്റേഷനിൽ വന്നിറങ്ങി, തനി ധാരമട്ടിൽ. കൈയിൽ ഒരു സഞ്ചിയും ഉണ്ടായിരുന്നു. അന്നു വണ്ടിയിൽ വന്നിറങ്ങിയവരുടെ തിക്കും തിരക്കും കലശലായിരുന്നു.

അയാൾ "പോർട്ടർ, പോർട്ടർ" എന്നു് വിളിച്ചു. ആരും വന്നുചേർന്നില്ല, ഇനി എന്തു നിവൃത്തി? അന്നു് ഈശ്വരചന്ദ്രവിദ്യാസാഗരെ അനുമോദിച്ചു നടക്കാൻ പോകുന്ന ഒരു മീററിംഗിൽ പങ്കു കൊള്ളാനുള്ള തിടുക്കമായിരുന്നു യുവാവിനു്. അല്പം ദൂരത്തായി ഒരാൾ നാടൻ വേഷത്തിൽ നില്ക്കുന്നതു കണ്ടു് അയാൾ ചോദിച്ചു:— "ഹേ! ഈ സഞ്ചി ഒന്നെടുത്തുകൊണ്ടു വരാമോ?"

അയാൾ പറഞ്ഞു:—"ഒഹോ! അതിങ്ങു തരൂ".

രണ്ടുപേരും കൂടി നടന്നു് യുവാവു താമസിക്കുന്ന സ്ഥലത്തെത്തി. അയാൾ കൂലിയ്ക്കുള്ള ചില്ലറ എടുക്കാനായി അകത്തേക്കു പോയിട്ടു തിരിച്ചുവരുമ്പോഴേയ്ക്കും, ചുമട്ടുകാരനെ കണ്ടില്ല. വല്ലതും തട്ടിക്കൊണ്ടു പോയിരിക്കുമോ എന്നു വിചാരിച്ചു് ചുററുപാടും ഒരന്വേഷണം നടത്തി. യാതൊന്നും കളവു പോയിട്ടില്ലെന്നു കണ്ടപ്പോൾ സമാധാനമായി.

മീററിംഗിനു സമയമായി. അയാൾ വേഗത്തിൽ യോഗസ്ഥലത്തേയ്ക്കു തിരിച്ചു. അവിടെ ചെന്നപ്പോൾ നമ്മുടെ ചുമട്ടുകാരൻ പ്രസംഗമഞ്ചത്തിൽ അദ്ധ്യക്ഷൻെറ സമീപത്തു് ഇരിക്കുന്നതു കണ്ടു് അത്ഭുതപ്പെട്ടു. അയാൾ അടുത്തിരിക്കുന്ന ഒരാളിനോടു ചോദിച്ചു അതാരെന്നു്. അദ്ദേഹം പറഞ്ഞു:—

"ഛേ! ഛേ! അതാരെന്നറിഞ്ഞുകൂടേ? നിങ്ങൾ ഈ നാട്ടുകാരനല്ലേ? അതല്ലേ നമ്മുടെ ഇന്നത്തെ അതിഥിയായ ഈശ്വരചന്ദ്രവിദ്യാസാഗർ?"

യുവാവു് നാണിച്ചു് തല താഴ്ത്തി. അദ്ദേഹത്തിനെക്കൊണ്ടാണല്ലോ താൻ ചുമടു ചുമപ്പിച്ചതെന്നോർത്തു് അയാൾ പശ്ചാത്തപിച്ചു.

ഈശ്വരചന്ദ്രവിദ്യാസാഗർ മഹാ വിദ്വാനായിരുന്നു. വിദ്യാസാഗരൻ എന്ന പേരു് ശ്രീരാമകൃഷ്ണപരമഹംസൻ നല്കിയതാണു്. അദ്ദേഹം സ്ത്രീജനങ്ങളുടെ അവശതകൾ നീക്കുന്നതിനായും സംസ്കൃതവിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനായും തന്റെ ജീവിതത്തെ 'സമർപ്പിച്ചിരുന്നു. വളരെക്കാലം അദ്ദേഹം സംസ്കൃതകോളേജ് പ്രിൻസിപ്പാളായും, സ്കൂൾ ഇൻസ്പെക്ടരായും ഇരുന്നിട്ടു് ഉദ്യോഗം രാജി വച്ചു. ബാക്കി ജീവിതം മുഴുവനും സമുദായപരിഷ്കരണത്തിനായിട്ടാണു് അദ്ദേഹം ചെലവഴിച്ചതു്.

അന്നു് ഹിന്ദുസ്ത്രീകൾ വൈധവ്യംനിമിത്തം അനുഭവിച്ചുവന്ന സങ്കടങ്ങൾ പറഞ്ഞറിയിക്കാൻ പ്രയാസം. ചെറുപ്രായത്തിൽതന്നെ കുട്ടികളുടെ വിവാഹം നടത്തും. അതു കാരണം ഒട്ടു വളരെ ശിശുവിധവമാർ നാട്ടിലുണ്ടായി. അവർ തോരാത്ത സങ്കടം അനുഭവിച്ചുവന്നു. അതിനാൽ ശിശുവിവാഹം നിയമത്താൽ തടയാനും വിധവാവിവാഹം നടപ്പിലാക്കാനും അദ്ദേഹം കഴിയുന്നതൊക്കെ ചെയ്തു.

# 15. ശ്രീനാരായണഗുരു

ശ്രീ നാരായണഗുരുവിനെപ്പററി കേട്ടിട്ടില്ലാത്തവർ ഇന്നു കേരളത്തിലെന്നല്ല ഭാരതഭൂമിയിൽതന്നെ ഉണ്ടോ എന്നു സംശയമാണു്. ഇപ്പോൾ അമേരിക്കയിലും യൂറോപ്പിലും ഗുരുസ്വാമിയുടെ ഉപദേശങ്ങൾ പരന്നുതുടങ്ങിയിരിക്കുന്നു.

തീണ്ടലും തൊടീലും കൊണ്ടു് മനുഷ്യരിൽ ഒരു വലിയ വിഭാഗം മൃഗങ്ങളുടെ അവസ്ഥയിലേക്കു താണിരുന്ന കാലം കേരളത്തിലെ ജാതിവ്യത്യാസം കണ്ടിട്ടു്, ഇവിടം ഒരു ഭ്രാന്തലയം ആണെന്നു് ഒരിക്കൽ സ്വാമി വിവേകാനന്ദൻ പറകപോലും ഉണ്ടായി.



ശ്രീനാരായണൻ തീണ്ടൽജാതിയിൽ അവതരിച്ചു് ജീവിതകാലം മുഴുവനും തീണ്ടൽജാതിക്കാരുടെ ഉന്നമനത്തിനായി ചെലവഴിക്കുകയും ചെയ്തു. കേരളക്കര മുഴുവനും തമിഴ് നാട്ടിലും അദ്ദേഹം പല പ്രാവശ്യം സഞ്ചരിച്ചു്,

"ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്നു" എന്ന സന്ദേശത്തെ വിളിച്ചറിയിച്ചു. ആ ഉപദേശം ആദ്യമൊക്കെ ഉയൎന്ന ജാതിക്കാരെന്നു് അഭിമാനിക്കുന്നവർ കൈക്കൊണ്ടില്ലെങ്കിലും, അവരിൽ പലരും അദ്ദേഹത്തിൻെറ ശിഷ്യന്മാരായി. നാരായണഗുരുവിൻെറ ശിഷ്യഗണത്തിൽ നമ്പൂതിരിമാർപോലും ഉൾപ്പെട്ടിരുന്നു. എന്നാൽ, തീണ്ടൽവൎഗ്ഗക്കാരുടെ ഇടയ്ക്കു് ഈ സന്ദേശം ശക്തിയോടെ പരന്നു; അവരുടെ വളഞ്ഞ നട്ടെല്ലുകൾ നിവൎന്നു; ആത്മാഭിമാനം അവരുടെ ഹൃദയങ്ങളിൽ തിങ്ങി നിറഞ്ഞു.

തീണ്ടലും തൊടീലും മററനാചാരങ്ങളും നാട്ടിൽ നിന്നു തുരത്തുന്നതിന്നു വേണ്ടിയുള്ള ശ്രമം അവർ തുടങ്ങി. ആ യത്നം പരിപൂൎണ്ണമായി ഫലിക്കയും ചെയ്തു.

ശ്രീനാരായണഗുരു കേവലം ഒരു സമുദായപരിഷ്കാരിയായിരുന്നില്ല. ഭാരതത്തിലെ ദിവ്യഗുരുക്കന്മാരിൽ ഒരാൾ കൂടിയായിരുന്നു. ആദ്ധ്യാത്മികത കൈവെടിഞ്ഞുള്ള പുരോഗതി സമുദായത്തിന്നു നാശകരമായിരിക്കുമെന്നു് അദ്ദേഹം കണ്ടു. അതിലേക്കു് പല ദിക്കിലും എല്ലാ മതക്കാൎക്കും പങ്കു കൊള്ളാവുന്ന പൂജാക്രമങ്ങളോടു കൂടിയ ക്ഷേത്രങ്ങൾ പണിയിച്ചു; ഒരു സന്ന്യാസിപരമ്പരയും ഏൎപ്പെടുത്തി.

ശിവഗിരി ഇന്നു് ഒരു പുണ്യസ്ഥലമായി ഉയൎന്നു കഴിഞ്ഞിരിക്കുന്നു. അനേകായിരം ജനങ്ങൾ അവിടെ ചെന്നു ദൎശനം നടത്തിവരുന്നു. ആണ്ടുതോറും ഉള്ള തീൎത്ഥാടനത്തിന്നു കൂടുന്ന ആളുകൾക്കു് കയ്യും കണക്കുമില്ല. ഏറെത്താമസിയാതെ അവിടം കേരളത്തിലെ ഒരു വിദ്യാപീഠമായിത്തീരുകയില്ലെന്നു് ആരു കണ്ടു?

# പരസ്യം

**1953—54 സ്കൂൾവർഷത്തേക്ക് ഈ ഡിപ്പോ വക അംഗീകാരം സിദ്ധിച്ച സബ്ജക്റ്റ് പുസ്തകങ്ങളും മററും.**

| ക്ലാസ് | | അണ |
|---|---|---|
| III | പ്രൈമറിസ്കൂൾ ഭൂമിശാസ്ത്രം (ശ്രീവരാഹം ഈ. വി. പിള്ള) | 4 |
| ,, | ചരിത്രകഥകൾ (ആർ. നാരായണപ്പണിക്കർ B. A. L. T) | 5 |
| ,, | പ്രാഥമിക അങ്കഗണിതം ,, | 6 |
| ,, | സിവിക്സ് (പൗരധർമ്മം) ,, | 3 |
| ,, | ആരോഗ്യരക്ഷ കെ. സദാശിവൻപിള്ള M. Sc | 4 |
| ,, | നേച്ചർസ്റ്റഡി (പ്രകൃതിപഠനം) (ശ്രീവരാഹം ഈ. വി. പിള്ള) | 5 |
| ,, | 3-ാം പാഠം വ്യാഖ്യാനം ,, | 6 |
| IV. | പ്രൈമറിസ്കൂൾ തിരു-കൊച്ചി ഭൂമിശാസ്ത്രം ,, | 6 |
| ,, | നേച്ചർസ്റ്റഡി (പ്രകൃതിപഠനം) ,, | 6 |
| ,, | ആരോഗ്യരക്ഷ (ശ്രീവരാഹം ഈ. വി. പിള്ള & കെ. സദാശിവൻപിള്ള എം. എസ് സി.) | 4 |
| ,, | കേരളപാഠാവലീ വ്യാഖ്യാനം (ശ്രീവരാഹം ഈ. വി. പിള്ള) | 8 |
| ,, | സിവിക്സ് (പൗരധർമ്മം) (R. N. പണിക്കർ B. A. L. T) | 4 |
| V. | പ്രൈമറിസ്കൂൾ ഭൂമിശാസ്ത്രം (ശ്രീവരാഹം ഈ. വി. പിള്ള) | 7 |
| ,, | നേച്ചർസ്റ്റഡി (പ്രകൃതിപഠനം) ,, | 7 |
| ,, | സിവിക്സ് (പൗരധർമ്മം) ,, | 4 |
| ,, | കേരളപാഠാവലീ വ്യാഖ്യാനം ,, | 9 |
| ,, | ആരോഗ്യരക്ഷ (കെ. സദാശിവൻപിള്ള എം. എസ് സി. & ശ്രീവരാഹം ഈ. വി. പിള്ള) | 5 |
| ,, | പ്രാഥമിക അങ്കഗണിതം (R. N. പണിക്കർ B. A. L. T) | 8 |
| ഫാറം | | |
| I. | തിരു-കൊച്ചി ചരിത്രകഥകൾ (ശൂരനാട്ടു കുഞ്ഞൻ പിള്ള എം. എ.) | 12 |
| ,, | പൗരധർമ്മം ,, | 6 |
| II. | ഭാരതചരിത്രം (R. നാരായണപ്പണിക്കർ B. A. L. T.) | 10 |

III English Guide Reader III

ആർ. നാരായണപ്പണിക്കർ B. A. L. T. വില രൂപാ 1

**മേൽ കാണിച്ചിട്ടുള്ള പ്രസിദ്ധീകരണങ്ങൾക്കു കമ്മിഷൻ 25%**

**അപേക്ഷിക്കേണ്ടും മേൽവിലാസം:—**

## പി. ഗോവിന്ദപ്പിള്ള

വിദ്യാവിലാസിനി ബുക്ക് ഡിപ്പോ

ചാല, തിരുവനന്തപുരം.

N. B. സ്കൂൾ കുട്ടികൾക്കും കച്ചവടക്കാർക്കും ആവശ്യമുള്ള ഏതുതരം ബുക്കുകളും പുസ്തകങ്ങളും ഇവിടെ കിട്ടുന്നതാണ്.